
# KERALA PRIVATE COLLEGE TEACHER




THE ALL KERALA PRIVATE COLLEGE TEACHERS' ASSOCIATION

NO. 142

NOVEMBER 1997

# ഡിഗ്രി കോഴ്സ് പുനഃസംഘാടനം - പഠനറിപ്പോർട്ട് പ്രകാശനം ചെയ്തു



*എ.കെ.പി.സി.ടി.എ തയ്യാറാക്കിയ പഠനറിപ്പോർട്ട് വിദ്യാഭ്യാസമന്ത്രി പി.ജെ. ജോസഫ്, കേരള യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ: എൻ. ബാബുവിന് നല്കി പ്രകാശനം ചെയ്യുന്നു.*

ഉന്നത വിദ്യാഭ്യാസരംഗത്തെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഡിഗ്രികോഴ്സുകൾ അടിയന്തിരമായി പുനഃസംഘടിപ്പിക്കണമെന്ന് വിദ്യാഭ്യാസമന്ത്രി ശ്രീ. പി.ജെ. ജോസഫ് അഭിപ്രായപ്പെട്ടു. നിരവധി വർക്ക്ഷോപ്പുകളിലൂടെയും സെമിനാറുകളിലൂടെയും എ.കെ.പി.സി.ടി.എ തയ്യാറാക്കിയ ഡിഗ്രി കോഴ്സ് പുനഃസംഘാടന പഠനറിപ്പോർട്ട് തിരുവനന്തപുരത്ത് പ്രകാശനംചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്കൂൾതലത്തിൽ അടുത്ത നാലഞ്ചുവർഷത്തിനുള്ളിൽ പാഠ്യപദ്ധതിയിൽ മാറ്റംവരുത്തുന്നതാണ്. യൂണിവേഴ്സിറ്റിരംഗത്ത് മാറ്റം വരുത്തേണ്ടത് അതാത് യൂണിവേഴ്സിറ്റികളാണ്. ഇക്കാര്യത്തിൽ എ.കെ.പി.സി.ടി.എ ശ്രമകരമായ ജോലിയാണ് ചെയ്തുതീർത്തിരിക്കുന്നത്. കോഴ്സ് പുനഃസംഘാടനത്തിനായി സംസ്ഥാനാടിസ്ഥാനത്തിൽ ഒരു കോർ-ഗ്രൂപ്പ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് നല്ലതായിരിക്കും. വേണ്ടിവന്നാൽ കേരളത്തിലെ യൂണിവേഴ്സിറ്റികളെയെല്ലാം കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള ഒരു വിദഗ്ധ സമിതി ഉണ്ടാക്കുന്നതും നല്ലതാണ്. സമൂഹത്തിൽ പ്രസക്തിയുള്ള വിഷയങ്ങൾ കൂടി കുട്ടികൾ പഠിക്കണം. ബോർഡ് ഓഫ് സ്റ്റഡീസുകൾ ഇക്കാര്യത്തിൽ ക്രിയാത്മകമായ സമീപനം സ്വീകരിക്കണമെന്നും ശ്രീ. പി.ജെ. ജോസഫ് പറഞ്ഞു.

വിദ്യാഭ്യാസരംഗത്തു വരുത്തേണ്ട മാറ്റങ്ങളെപ്പറ്റി അഗാധമായ പഠനം നടത്തി തയ്യാറാക്കിയ ഈ റിപ്പോർട്ട് സമൂഹത്തോടും വിദ്യാഭ്യാസരംഗത്തോടും കൂറുപുലർത്തുന്നതാണെന്ന് വൈസ്ചാൻസലർ ഡോ. എൻ. ബാബു അഭിപ്രായപ്പെട്ടു. അതിനാൽ ഗൗരവബുദ്ധിയോടുകൂടിത്തന്നെ യൂണിവേഴ്സിറ്റി ഈ റിപ്പോർട്ട് പരിഗണിക്കുമെന്നും വൈസ്ചാൻസലർ പറഞ്ഞു.

ഓരോഘട്ടത്തിലും വിദ്യാർത്ഥികളുടെ നിലവാരം, മാനസികനില ഇവ മനസ്സിലാക്കി വേണം വിദ്യാഭ്യാസരംഗത്തു മാറ്റം വരുത്താനെന്ന് ശ്രീ. സി.പി. നാരായണൻ (എഡിറ്റർ, ചിന്ത) അഭിപ്രായപ്പെട്ടു. സിൻഡിക്കേറ്റംഗം പ്രൊഫ. ടി.എൻ. രാമൻപിള്ള, അക്കാദമിക് കമ്മിറ്റി ചെയർമാൻ പ്രൊഫ. ജോയ്ജോബ് കുളവേലി എന്നിവരും സംസാരിച്ചു. യോഗത്തിൽ പ്രസിഡന്റ് പ്രൊഫ. എസ്. വിശ്വനാഥൻ അദ്ധ്യക്ഷതവഹിച്ചു.

സ്വാഗതപ്രസംഗത്തിൽ ജനറൽ സെക്രട്ടറി പ്രൊഫ. കെ.പി. ദിവാകരൻനായർ, എ.കെ.പി.സി.ടി.എ ഈ രംഗത്തു നടത്തിവരുന്ന പ്രവർത്തനങ്ങളും സംഘടനയുടെ കാഴ്ചപ്പാടും വിശദീകരിച്ചു. ത്രീമെയിൻ കോഴ്സുകൾ എന്ന ആശയത്തിനുപകരം ഇന്റർ ഡിസിപ്ലിനറി കോഴ്സുകൾ സംഘടിപ്പിക്കണമെന്ന് ജനറൽസെക്രട്ടറി അഭിപ്രായപ്പെട്ടു. അക്കാദമിക് കമ്മിറ്റി കൺവീനർ പ്രൊഫ. പി.ജെ. ഫിലിപ്പ് കൃതജ്ഞത പറഞ്ഞു. അക്കാദമിക് രംഗത്തെ വിദഗ്ധരുൾപ്പെടുന്ന വലിയൊരു സദസ് യോഗത്തിൽ സന്നിഹിതരായിരുന്നു.

# എഡിറ്റോറിയൽ

# സ്വകാര്യ കോളേജധ്യാപകരോടുള്ള അനീതി അവസാനിപ്പിക്കുക

അനീതിക്കും അടിമത്തത്തിനും എതിരെയുള്ള സ്വകാര്യ കോളേജധ്യാപകരുടെ സമരത്തിന് സംഘടിത രൂപമുണ്ടായിട്ട് ഏതാണ്ട് നാലു പതിറ്റാണ്ട് തികയുകയാണ്. 1958ൽ രൂപീകൃതമായ എ.കെ.പി.സി.ടി.എ എത്രയോ പ്രതിബന്ധങ്ങൾ പൊട്ടിച്ചെറിഞ്ഞിരിക്കുന്നു. ഉഗ്രപ്രതാപികളായ മാനേജരന്മാരുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് അനുസരണം അല്ലെങ്കിൽ ജോലി നഷ്ടപ്പെടുന്ന കാലം അവസാനിച്ചിട്ട് എത്രയോ ദശകങ്ങൾ ആയി. സർവകലാശാലാ നിയമങ്ങളിലെ സേവനവ്യവസ്ഥകളാൽ സംരക്ഷിക്കപ്പെട്ടിരിക്കുന്ന സ്വകാര്യ കോളേജദ്ധ്യാപകർ ആദ്യം സർക്കാർ കോളേജദ്ധ്യാപകർക്കൊപ്പവും പിന്നീട് അഖിലേന്ത്യാതലത്തിൽ തന്നെ സർവകലാശാല - കോളേജധ്യാപകർക്കൊപ്പവും എത്തിയിരിക്കുകയാണ്.

സ്വകാര്യ കോളേജദ്ധ്യാപകർക്ക് ശമ്പളം ,നേരിട്ട് നല്കാൻ സർക്കാർ തീരുമാനിച്ചിട്ട് കാൽനൂറ്റാണ്ട് കഴിഞ്ഞിരിക്കുന്നു. കൃത്യമായി ശമ്പളം വിതരണം ചെയ്യുന്നതിനായി അന്ന് ആരംഭിച്ചതാണ് മേഖലാ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകൾ. ഈ ഓഫീസുകളുടെ നിയന്ത്രണാധികാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നല്കുകയും ചെയ്തു. സർവകലാശാലയിൽ നിന്നും നിയമനാംഗീകാരം ലഭിച്ച എല്ലാ അദ്ധ്യാപകർക്കും ശമ്പളം കൃത്യമായി നല്കുന്ന ജോലിയാണ് ഈ ഓഫീസുകൾക്കുള്ളത്. ദൗർഭാഗ്യവശാൽ ഈ ഓഫീസുകൾ അദ്ധ്യാപകരുടെ ശമ്പളം സുഗമമായി നല്കാതിരിക്കാൻ കാരണം കണ്ടുപിടിക്കുന്ന സ്ഥാപനങ്ങളായി അധഃപതിച്ചിരിക്കുന്നു. നിയമാനുസരണം സർവകലാശാലയുടെ അംഗീകാരം ലഭിച്ച അദ്ധ്യാപകർക്ക് ശമ്പളം നിഷേധിക്കുന്ന നിരവധി കേസുകൾ സംഘടനയ്ക്ക് നിരന്തരം കൈകാര്യം ചെയ്യേണ്ടിവന്നിരിക്കുകയാണ്. അദ്ധ്യാപകർ കോടതിയിൽ നിന്നും ഉത്തരവ് സമ്പാദിക്കേണ്ടിവന്ന നിരവധി സംഭവങ്ങളുമുണ്ട്. ഇത്തരത്തിലുള്ള നാല്പതോളം കേസുകളാണ് കഴിഞ്ഞവർഷം കേരള ഹൈക്കോടതി തീർപ്പാക്കിയത്. സർവകലാശാലയുടെ അംഗീകാരമുള്ള എല്ലാ അദ്ധ്യാപകർക്കും ശമ്പളം നല്കണമെന്ന് അർത്ഥശങ്കക്കിടമില്ലാത്ത രീതിയിൽ തന്നെ കോടതി വിധിച്ചുവെങ്കിലും ശമ്പളം ലഭിക്കാൻ തടസ്സം വരുന്ന നിരവധി അദ്ധ്യാപകർക്ക് വീണ്ടും കോടതിയെ ശരണം പ്രാപിക്കേണ്ട അവസ്ഥയാണു നിലനില്ക്കുന്നത്. കോടതിയെ സമീപിക്കുന്നവർക്കു മാത്രമേ ഉത്തരവുകൾ ബാധകമാവുകയുള്ളു എന്ന സർക്കാർ നിലപാടിനെ സുപ്രീംകോടതിയും ഹൈക്കോടതിയും നിശിതമായി വിമർശിച്ചിട്ടുള്ള കാര്യവും സംഘടന അധികാരികളെ പലതവണ ഓർമ്മിപ്പിച്ചിട്ടുള്ളതാണ്.

KERALA PRIVATE COLLEGE TEACHER
(monthly journal of AKPCTA)

*Editorial Board*

- A. Prathapachandran Nair (Chief Editor)
- T.N. Manoharan (Managing Editor)
- S. Viswanathan • Joy Job Kulavelil
- K.P. Divakaran Nair • M. Salim
- S. Jayarajkumar • K.C. Kuttappan Nair
- Mathew J. Muttath • D. Thomas
- M.S. Vasanthakumar • G.S. Suresh
- Shahul Hameed • U. Hemanthakumar
- Leni • Dr. R.B. Rajalekshmi

• Cover designed by M.S. Vasanthakumar •

ment the scales, thus raising grave doubts about uniform benefits for Teachers throughout the country from 1.1.1996.

The conference also notes (i) the growing political uncertainty both at the centre and in a number of states (ii) successful outcome of a threatened all India strike by the central govt. employees (iii) the ongoing movement of the working people in different parts of the country including more than a month long strike by the secretariate employees in Bihar and (iv) growingly vicious attack by the state against the existing rights and benefits of democratic teachers' movement as in Orissa and Madhya Pradesh.

The conference therefore resolves to serve a firm notice on the govt. of India through one day ceasework in all colleges and Universities all over India on 9th December '97 and simultaneously organise appropriate demonstrative protest actions in state capitals and university centres demanding modification of Rustogi Committee Report in line with the

(1) submissions made by AIFUCTO and its immediate publication by the UGC and/or the Govt. of India.

(2) meaningful negotiation between AIFUCTO and the Union Education Department for finalising the scheme of pay-revision.

(3) Uniform implementation of the revised UGC pay scales from the same date in all states.

(4) adequate financial support by the Central Govt. to the states for implementation of the new pay-scales.

The conference directs all its states and university level organizations to hold meetings and conventions in November and December 1997 to organise our own members, raise struggle fund and to inform the people at large about our demands and proposed course of action.

The conference resolves to go for an indefinite strike begining from 20.1.98 in case even by that time the aforesaid just demands of AIFUCTO are not met by the Central Govt.

The conference hopes that the Government of India will shed its indifference and policy of procrastination and act expeditiously even at this stage and AIFUCTO will only be too glad to respond in full measure to reach an amicable solution avoiding an otherwise inevitable stalemate in universities and colleges causing unfortunate academic loss to our innocent students.

The conference appeals to all public men, political parties, parliamentarians, academics and administration to exercise their besign influence to help avoid this impending confrontation between the university and college teachers on the one hand and the Central Govt. on the other, at this crucial hour.

The conference authorises the secretariat and the NEC to take further necessary steps for the success of aforesaid programme of movement.

**List of the office bearers elected 1997-98**

*President* : Dr. K.K. Thekkedath

*General Secretary:* Prof. Mrinmoy Bhattacharya

*Treasurer* : Prof. Ajoy Banerjee

*Secretaries* :

1. Prof. K.P. Divakaran Nair (Kerala)
2. Prof. Shyama Pada Pal (Bengal)
3. Prof. B. Vijay Kumar (Andhrapradesh)
4. Prof. V.K. Tewari (Punjab)
5. Prof. Nikhil Desai (Gujarat)

*Vice-Presidents*

1. Prof. B. Parthasarathi (Tamil Nadu)
2. Prof. B. Satyanarayana (Andhrapradesh)
3. Prof. E.P. Perumal (Tamil Nadu)
4. Prof. Prakash Chaturbedi (Rajasthan)
5. Prof. Sambhaji Jadav (Maharashtra)
6. Prof. Md. Murturza (Bihar)
7. Dr. Prakash Gupta (MP)
8. Dr. Gopal Krishna Nanda (Orissa)
9. Dr. (Mrs.) Bharati Sinha (Bihar)

*Zonal Secretaries*

Zone - I Prof. Ramani Kanta Saharia (Assam)
Zone - II Dr. Amaresh Shandily (Bihar)
Zone - III Baldev Saxena (Uttar Pradesh)
Zone - IV Dr. R.N. Sharma (Rajasthan)
Zone - V Dr. Ram Singh (Haryana)
Zone - VI Ms. (Dr.) Kranti Jejurkar (Maharashtra)
Zone - VII Prof. T. Venkatesh Murti (Karnataka)
Zone - VIII Dr. D. Dekshina Murti (Tamil Nadu)

# Teacher Evaluation by Students - Bane or Boon?

SRILATHA. S
Dept. Of Political Science, VTMNSS College, Dhanuvachapuram

Teacher performance is the most crucial input in the field of education. Whatever may be the policies, in the ultimate analysis these have to be interpreted and implemented by teachers.

The entire question of teachers' selection, role, status, quality and training has been studied deeply by many committees and commissions set up by successive governments. This article is concentrating on only one aspect of teachers' performance which impinges directly upon the totality of the educational system.

The predominantly illiterate Indian society sadly unaware of the value of education does not demand for a high level of performance from teachers. The situation gets further complicated in the absence of an effective system of management, supervision and evaluation of teachers. Thus the teachers acquire almost total immunity from accountability. Hence the idea of evaluation of teachers' performance becomes relevant. The so called "educational advisors" feel that if the student community were given the authority to monitor and evaluate teachers' performance, teachers will have to be more regular and dutiful.

The recent Rastogi Committee Report (RCR) has reaffirmed the recommendations made by the Mehrotra Committee of 1986 on students assessment of teachers. Any general decision made without classification on the basis of subject or level of learning will neither be practical nor useful.

We cannot afford to ignore the ground realities prevailing in educational institutions. There are different types of colleges - government, aided, self-financing and the like. The techniques of teaching, syllabus, the mode of examination and grading vary from place to place. They cannot be uniform even if the universities are grouped region-wise.

The quality of students is subject to variation because average and below average students who have their schooling under different patterns are admitted in colleges. Consequently students find it difficult to cope with the advanced syllabus prescribed by the universities. Students may not have sufficient knowledge in the subject taught to enable them to make an accurate assessment of teachers. The behaviour of adolescent students cannot be predicted. Most of them are not in a position to evaluate the complex process of teaching. The problem is all the more worse in the colleges in rural areas. Most of the students are more interested in getting scholarships and other concessions rather than concentrating on studies. There are chances of religion based, caste based evaluation rather than academic evaluation.

In the light of the differences evident in levels of both learning and understanding, what is interesting to one student may not be so to another. Hence a strict teacher who concentrates on the subject will not score as high as a 'general-popular' teacher.

It has been pointed out that the quality and orientation of teaching is unsatisfactory. But this cannot be improved with an adverse teacher-pupil ratio, outdated methods of teaching, poor laboratory facilities, an uninspiring curriculum and a management system which discourages innovation.

At the graduate level unless the total number of students in a class reduced, the teacher will not be able to give individual attention to the students. In the absence of an inter-relationship between the teacher and the student, one sided assessment by the student will be meaningless.

Attention needs to be drawn to the disparities between University Departments and affiliated colleges. The quality and infra-structural facilities available in the university departments are much better than in the colleges. While teachers in university

കൊണ്ട് ത്രീമെയിൻ ഒരു ''നൊ മെയിൻ'' കോഴ്സാണെന്നും ആക്ഷേപമുന്നയിക്കുന്നവരുണ്ട്. ഭാഷാപഠനം നാമമാത്രമാകുന്നത് ദോഷംചെയ്യുമെന്നുകൂടി ചിലർ അഭിപ്രായപ്പെടുന്നുണ്ട്. ത്രിമെയിൻ സമ്പ്രദായത്തെപ്പറ്റി കഴിഞ്ഞ വർഷം വിശദമായി ചർച്ചചെയ്ത് കേരള യൂണിവേഴ്സിറ്റിയിൽ നടപ്പാക്കേണ്ടതായെന്ന് തീരുമാനിച്ചതാണ്. യു.ജി.സി.യുടെ കോഴ്സ് എന്ന പേരിൽ ഇത് ഇപ്പോൾ കോളേജുകളിൽ അരങ്ങേറുന്നു. ഈ കോഴ്സ് കഴിഞ്ഞ് തുടർന്ന് പഠിക്കാനാഗ്രഹിക്കുന്നവർക്ക് ഏതെങ്കിലും ഒന്നിന് പോസ്റ്റ് ഗ്രാഡുവേഷന് പോകാമെന്നൊരു സൗകര്യമുണ്ട്. എന്നാൽ വൊക്കേഷണൽ കോഴ്സിനു ശേഷം പരമ്പരാഗത വിഷയങ്ങളിൽ പോസ്റ്റ് ഗ്രാഡുവേറ്റ് പഠിപ്പ് തുടരാനാണെങ്കിൽ ഈ തൊഴിലധിഷ്ഠിത ഡിഗ്രി കോഴ്സുകൊണ്ട് ഒരു പ്രയോജനവുമില്ല. അതുപോലെ തന്നെ തൊഴിലധിഷ്ഠിത പി.ജി. കോഴ്സ് സുലഭമല്ലതാനും. വൊക്കേഷണൽ ഹയർ സെക്കണ്ടറി കഴിഞ്ഞ് സസ്യശാസ്ത്രവും ഭാഷാസാഹിത്യവും പഠിക്കുന്ന കീഴ്വഴക്കം നമ്മുടെ നാട്ടിൽ കണ്ടുവരുന്നുണ്ട്. ഓർമ്മ വരുന്ന മറ്റൊന്ന് ആയിരത്തിത്തൊള്ളായിരത്തി അറുപതുകളിൽ കേരള യൂണിവേഴ്സിറ്റി തുടങ്ങിയ Special B.Sc കോഴ്സ് ഗതിയില്ലാതെ നിറുത്തേണ്ടിവന്ന കാര്യമാണ്. വൊക്കേഷണൽ കോഴ്സ് ഒരു ടെർമിനേഷൻ കോഴ്സായി വ്യാഖ്യാനിച്ചാലും തൊഴിൽ സാദ്ധ്യത കുറവായ നമ്മുടെ സംസ്ഥാനത്ത് തുടർന്ന് പഠിക്കാനുള്ള അവസരം നഷ്ടമാക്കുമെന്നുള്ള അവസ്ഥ ഈ കോഴ്സ് എടുക്കുന്നവരിൽ ആശങ്ക സൃഷ്ടിക്കും.

വൊക്കേഷണൽ കോഴ്സിലേക്ക് വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്ന രീതിയിലും പ്രശ്നങ്ങളുണ്ട്. നിലവിലുള്ള രീതി തുടർന്നാൽ കോളേജ് നടത്തുന്ന സമുദായത്തിന് ഗുണകരമാകും. അങ്ങനെ വരുമ്പോൾ കോഴ്സ് കിട്ടാത്ത പ്രൈവറ്റ് മാനേജ്മെന്റുകൾ പരുങ്ങലിലാകും. മെറിറ്റ് അടിസ്ഥാനപ്പെടുത്തി മാത്രം സെലക്ഷൻ നടത്തിയാൽ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്നവൻ പിന്തള്ളപ്പെടാനിടയുണ്ട്. പട്ടികജാതി-വർഗ്ഗക്കാർക്ക് സംവരണം കിട്ടാതെ വരും. മെറിറ്റ് അടിസ്ഥാനത്തിൽ വേണമെന്നാണ് ഇപ്പോഴത്തെ യു.ജി.സി നിർദ്ദേശം. സെലക്ഷൻ കുറ്റമറ്റതാവണമെങ്കിൽ യൂണിവേഴ്സിറ്റിയുടെ പ്രതിനിധികൾ സെലക്ഷൻകമ്മിറ്റിയിൽ ഉണ്ടാവണം.

കുട്ടികളിൽനിന്ന് ഫീസായോ സംഭാവനയായോ ഫണ്ട് സമാഹരണം നടത്താമെന്ന് വരുമ്പോൾ ഓരോ കോളേജധികൃതരും തന്നിഷ്ടം പോലെ പിരിവ് നടത്താൻ തയ്യാറാകും. ഇത് ഇടത്തരക്കാരായവർക്ക് ബുദ്ധിമുട്ടുണ്ടാകും. യൂണിവേഴ്സിറ്റിയുടേയും സർക്കാരിന്റെയും ഇടപെടൽ ഇക്കാര്യത്തിൽ ആവശ്യമാണ്. അതുപോലെതന്നെ യു.ജി.സി.യുടെ സാമ്പത്തികസഹായം തീരുകയും പിന്നീട് റഗുലർ കോഴ്സായി യൂണിവേഴ്സിറ്റിയും സർക്കാരും അംഗീകരിക്കാതിരിക്കുകയും ചെയ്യുമ്പോൾ ഇതൊരു സ്വാശ്രയ കോഴ്സായി രൂപാന്തരപ്പെടും. കാരണം നാലുവർഷം കഴിയുമ്പോൾ സാമ്പത്തിക സഹായമില്ലാതെ നിലകൊള്ളുന്ന രണ്ടോ മൂന്നോ ബാച്ചുകൾ കോളേജുകളിലുണ്ടാകും.

കോഴ്സ് നടത്തിക്കൊണ്ടുപോകാൻ കോ-ഓർഡിനേറ്റിംഗ് വകുപ്പിന് ബുദ്ധിമുട്ടുകളേറെയാണ്. സ്ഥിരം അദ്ധ്യാപകരുണ്ടായിട്ടും ക്ലാസ്സുകൾ ഫ്രീ വിടേണ്ട സാഹചര്യം കോളേജുകളിൽ സാധാരണമാണ്. ഗസ്റ്റ്ലക്ചറർമാരെ ഉപയോഗപ്പെടുത്തി ടൈംടേബിൾ അനുസരിച്ച് മുന്നോട്ടു പോകാൻ എളുപ്പമല്ല. പ്രത്യേകിച്ച് സിറ്റിക്ക് പുറത്തുള്ള കോളേജുകളിൽ. കോഴ്സ് മൂന്നാംവർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ സ്ഥിതി കൂടുതൽ ക്ലേശകരമാകും. ഗസ്റ്റ് ലക്ചറർമാർക്ക് യാത്രാബത്ത കൊടുക്കാൻ വ്യവസ്ഥയില്ലയെന്നത് മറ്റൊരു ന്യൂനതയാണ്. ഈയൊരു സാഹചര്യത്തിൽ അതാതു വകുപ്പിലെ കോർ ഫാക്കൽടിയാണ് വിദ്യാർത്ഥികളുടെ സഹായത്തിനെത്തേണ്ടത്. ഇവരുടെയൊക്കെ റെഗുലർ ജോലിക്ക് ശേഷമാണ് പുതിയ കോഴ്സിന് ക്ലാസ്സ് എടുക്കാൻ തയ്യാറാകേണ്ടത്. ആവശ്യമായ പാരിതോഷികം നല്കാതെ ക്ലാസ്സ് എടുക്കാൻ ഇക്കൂട്ടർ തയ്യാറാവുകയില്ല. ക്ലാസ്സ് എടുക്കുന്നുവെങ്കിൽ വൊക്കേഷണൽ വിഷയത്തിൽ അറിവുള്ളവരോ അനുയോജ്യമായ പരിശീലനം നേടി സ്വയം സജ്ജരാകാൻ തയ്യാറുള്ളവരോ ഉണ്ടായിരിക്കണം. കോഴ്സ് അനുവദിച്ചിട്ടുള്ള ചില കോളേജുകളിൽ വൊക്കെഷണൽ വിഷയുമായി ബന്ധമുള്ള ആരും ഇല്ലാത്ത അവസ്ഥയുണ്ട്. കോ-ഓർഡിനേറ്റിംഗ് വകുപ്പിന്റെ തലവനോ അല്ലെങ്കിൽ അദ്ദേഹം നിയോഗിക്കുന്ന വ്യക്തിയോ വേണം കോഴ്സ് കോ-ഓർഡിനേറ്റ് ചെയ്യാൻ. ഈ വ്യക്തിക്ക് റഗുലർ ജോലിഭാരത്തിൽ കുറവോ പ്രത്യേക പാരിതോഷികമോ നിർദ്ദേശിച്ചിട്ടില്ല.

വൊക്കേഷണൽ കോഴ്സിന്റെ അംഗീകാരമാണ് മറ്റൊരു പ്രശ്നം. ഈ കോഴ്സ് മറ്റ് ഡിഗ്രി കോഴ്സുകൾക്ക് തുല്യമാണെന്ന് അതാത് യൂണിവേഴ്റ്റിയും രാജ്യത്തെ മറ്റ് യൂണിവേഴ്സിറ്റികളും അംഗീകരിക്കേണ്ടതായിട്ടുണ്ട്. ഇത് സമയബന്ധിതമായി നടന്നില്ലെങ്കിൽ കോഴ്സ് കഴിഞ്ഞു വരുന്നവർ ബുദ്ധിമുട്ട് നേരിടേണ്ടിവരും. അതുപോലെതന്നെ കുട്ടികളുടെ ഭാവിയെപ്പറ്റിയുള്ള ആശങ്ക ദൂരീകരിക്കാനും കോഴ്സ് നടത്തിപ്പുകാർക്ക് കഴിയണം. വിദ്യാഭ്യാസമേഖലയിലും തൊഴിൽ മേഖലയിലും ഉള്ളവർക്ക് കോഴ്സിലുള്ള വിശ്വാസ്യതയും മതിപ്പും ഇതോടൊപ്പം പ്രധാനമാണ്. കോഴ്സ് കഴിഞ്ഞുവരുന്നവർക്ക് ജോലി ലഭിക്കണമെങ്കിൽ ഇത് കൂടിയേ തീരൂ. കുട്ടികൾക്ക് ജോലി വാഗ്ദാനം ചെയ്തു കൊണ്ടുള്ള കാമ്പസ് ഇന്റർവ്യൂവിനെ കുറിച്ചൊക്കെ നാം കേട്ടിട്ടുണ്ട്. ഇത് ഈ കോഴ്സുകൾ കഴിയുന്നവർക്ക് കൂടി ലഭ്യമാകണം.

അതുപോലെ തന്നെ തൊഴിലധിഷ്ഠിത കോഴ്സുകൾ കോളേജുകളിൽ വ്യാപകമായാൽ നിലവിലുള്ള പരമ്പരാഗത കോഴ്സുകൾ പഠിക്കാൻ കുട്ടികളെ കിട്ടാതെ വരു

മോയെന്ന ആശങ്കയും ചിലരിലൊക്കെയുണ്ട്. പ്രീഡിഗ്രി കോളേജുകളിൽ നിന്ന് വേർപെടുത്തുമ്പോൾ തൊഴിലിന് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള പുതിയ കോഴ്സുകൾ തുടങ്ങുമെന്ന് വിദ്യാഭ്യാസമന്ത്രി ആവർത്തിച്ച് പ്രഖ്യാപിച്ചു കേൾക്കുന്നുണ്ട്. സർക്കാരിന്റെ ഭാവനയിൽ ഉള്ളതുതന്നെയാണോ യു.ജി.സിയുടെ തൊഴിലധിഷ്ഠിത കോഴ്സുകൾ? ആണെങ്കിൽ, ഈ കോഴ്സുകൾ തുടങ്ങുന്ന അവസരത്തിൽ തന്നെ അനുയോജ്യമായ രീതിയിൽ പാഠ്യപദ്ധതി തയ്യാറാക്കേണ്ടിയിരിക്കുന്നു. കൂടുതലായി വരുന്ന അദ്ധ്യാപകരെ നിലനിറുത്താൻ ഒരു പരിധിവരെ ഇത് സഹായിക്കും.

97-98 വർഷം യു.ജി.സി. തൊഴിലധിഷഠിത കോഴ്സ് നടത്താൻ കോളേജുകളെ തിരഞ്ഞെടുത്തപ്പോൾ പാളിച്ചകൾ ഉണ്ടായിട്ടുണ്ട്. പ്രൊപ്പോസലുകൾ ശരിയാംവണ്ണം വിലയിരുത്താൻ യു.ജി.സി. കമ്മിറ്റിക്ക് കഴിഞ്ഞിട്ടില്ല. അതുകൊണ്ട് അർഹതയുള്ള ചില കോളേജുകൾക്ക് കോഴ്സ് കിട്ടിയില്ല, അർഹതയില്ലാത്ത മറ്റ് ചിലർക്ക് കിട്ടി. കോളേജുകളെ തിരഞ്ഞെടുക്കാനുള്ള അവകാശം യു.ജി.സി. അതാത് യൂണിവേഴ്സിറ്റികൾക്ക് വിട്ടുകൊടുക്കുകയും തുടർന്ന് ആവശ്യമായ ഫണ്ട് അനുവദിക്കുകയും ചെയ്തിരുന്നുവെങ്കിൽ ഇങ്ങനെ സംഭവിക്കുകയില്ലായിരുന്നു. കോഴ്സ് നടത്താൻ കോളേജുകളെ യു.ജി.സി. സെലക്ട് ചെയ്തതിനുശേഷം വേണ്ടത്ര സൗകര്യമുണ്ടോയെന്ന് പരിശോധിക്കാൻ (?) യൂണിവേഴ്സിറ്റിയുടേതായ മറ്റൊരു കമ്മീഷനെ അയക്കേണ്ട സാഹചര്യം അപ്പോൾ ഒഴിവാക്കാമായിരുന്നു. □

# ഡോക്ടറേറ്റ് ലഭിച്ചു




## ശ്രീ. വി. രാജേന്ദ്രൻ

തിരൂരങ്ങാടി പി. എസ്. എം. ഒ. കോളേജ് ഗണിതശാസ്ത്രവിഭാഗം അധ്യാപകനായ ശ്രീ. വി. രാജേന്ദ്രന് കോഴിക്കോട് സർവകലാശാലയിൽ നിന്നും പി.എച്ച്.ഡി. ബിരുദം ലഭിച്ചു. പ്രൊഫ. ശിവരാമകൃഷ്ണന്റെ മേൽനോട്ടത്തിൽ 'A Study of Normal Division Domains and their analogues with application to number theory' എന്ന വിഷയത്തിൽ നടത്തിയ ഗവേഷണത്തിനാണ് ഡോക്ടറേറ്റ്. മഞ്ചേരി എൻ. എസ്. എസ്. കോളേജിലെ ഗണിതശാസ്ത്രവിഭാഗം അധ്യാപിക ശ്രീമതി. ഇ. വി. ബേബിഗിരിജ പതിയാണ്. എകെപിസിടിഎയുടെ സജീവ പ്രവർത്തകനായ രാജേന്ദ്രൻ കോളേജ് കൗൺസിൽ അംഗമായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

## ശ്രീ. ഇ.കെ. സതീഷ്

മഞ്ചേരി എൻ.എസ്.എസ്. കോളേജിലെ കോമേഴ്സ് വിഭാഗം അധ്യാപകനും എ.കെ.പി.സി.ടി.എ.യുടെ സജീവ പ്രവർത്തകനുമായ ശ്രീ. ഇ.കെ. സതീഷിന് കോഴിക്കോട് സർവകലാശാലയിൽ നിന്നും പി.എച്ച്.ഡി. ബിരുദം ലഭിച്ചു. ഇന്ത്യയിലെ മർച്ചന്റ് ബാങ്കിങ് രംഗത്തെ പുത്തൻ പ്രവണതകളെ കുറിച്ചുള്ള പഠനത്തിനാണ് ഡോക്ടറേറ്റ്. കോഴിക്കോട് സർവകലാശാലയിൽ നിന്ന് റിട്ടയർചെയ്ത പ്രൊഫ. ടി. ഗോവിന്ദൻകുട്ടിനായരുടെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.



**ഡോ. വി. രാജേന്ദ്രനും ഡോ. ഇ.കെ സതീഷിനും**
**എ കെ പി സി ടി എ യുടെ അഭിനന്ദനങ്ങൾ**

# ABSTRACT OF Ph.D. THESIS

## കേരളപാണിനീയവും കാൽഡ്വലിന്റെ ദ്രാവിഡ ഭാഷാ വ്യാകരണവും - ഒരു താരതമ്യ വിമർശം


സി.ആർ. പ്രസാദ്
മലയാള വിഭാഗം
എൻ.എസ്.എസ്. കോളേജ്, നിലമേൽ

ഗൈഡ്
ഡോ: എൻ.ആർ. ഗോപിനാഥപിള്ള
മലയാള വിഭാഗ അദ്ധ്യക്ഷൻ
കേരളാ യൂണിവേഴ്സിറ്റി, കാര്യവട്ടം


സംസ്കൃതത്തിൽ അഷ്ടാധ്യായിയെപ്പോലെ മലയാളത്തിൽ അവതരണഗുണം കൊണ്ടും നിരീക്ഷണബലം കൊണ്ടും നിത്യസ്മരണീയമായ ഒരു ഗ്രന്ഥമാണ് കേരളപാണിനീയം. മലയാള ഭാഷയുടെ വളർച്ചയിലെ ഏതു ഘട്ടത്തെപ്പറ്റിയുള്ള ഏതു ചർച്ചയിലും ഈ ഗ്രന്ഥത്തിന് അനിഷേധ്യമായ ഒരു സ്ഥാനമുണ്ട്. 1896-ൽ പുറത്തിറങ്ങിയ ഈ ഗ്രന്ഥം ഏ.ആർ. രാജരാജവർമ്മ തന്നെ പരിഷ്കരിച്ച് 1916-ൽ തയ്യാറാക്കി. ഈ പരിഷ്കരിച്ച പതിപ്പാണ് ഇന്നത്തെ കേരളപാണിനീയം. പരിഷ്കരണത്തിൽ ഏ.ആറിനെ സഹായിച്ച ഗ്രന്ഥമാണ് റവ. റോബർട്ട് കാൽഡ്വലിന്റെ ദ്രാവിഡ ഭാഷാവ്യാകരണം.

ക്രിസ്തുമത പ്രചരണത്തിനായി തമിഴ്നാട്ടിൽ എത്തിയ കാൽഡ്വൽ തമിഴുമായി സമാനതകളുള്ള മറ്റു ഭാഷകളുമായി പരിചയപ്പെട്ടു. ഈ ഭാഷകൾക്ക് പൊതുവായ വ്യാകരണസവിശേഷതകൾ ഉണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ 'ദ്രാവിഡം' എന്ന ഒരു ഭാഷാഗോത്ര സങ്കല്പം ആകാമെന്നും അദ്ദേഹം നിരീക്ഷിച്ചു. അതിൻപ്രകാരം കാൽഡ്വൽ പ്രസിദ്ധീകരിച്ച ഗ്രന്ഥമാണ് 'A Comparative Grammar of Dravidian or South Indian Family of Languages'. ഈ ഗ്രന്ഥം കേരളപാണിനീയ പരിഷ്കരണത്തിൽ, ഏ.ആറിന് കൂടുതൽ സഹായകമായി. രണ്ടാംപതിപ്പിനെ 'കേരള കാൽഡ്വലീയം' എന്ന് വിളിക്കാം എന്നു വരെ അഭിപ്രായമുണ്ടായിട്ടുണ്ട്. ഏ.ആറിന് കാൽഡ്വലിനോടുള്ള ആധമർണ്യം എത്രത്തോളം? കേരളപാണിനിയുടെ സ്വതന്ത്ര നിരീക്ഷണം എത്രമാത്രം? ഇങ്ങനെയുള്ള അന്വേഷണമാണ് ഈ ഗവേഷണ പ്രബന്ധം.

പ്രബന്ധത്തിന് നാലു ഭാഗങ്ങളുണ്ട്. മലയാളവ്യാകരണം കേരളപാണിനിയ്ക്കു മുമ്പ് എന്നതാണ് പ്രഥമഭാഗം. പീഠിക മുതൽ നാമാധികാരം വരെയുള്ള ഭാഗങ്ങളുടെ താരതമ്യ പഠനമാണ് രണ്ടാംഭാഗം. മൂന്നാം ഭാഗത്തിൽ ധാത്വധികാരം മുതലുള്ള ബാക്കി ഭാഗങ്ങൾ ഉൾക്കൊള്ളുന്നു. താരതമ്യപഠനം അഭിവ്യക്തമാക്കുന്ന നിഗമനങ്ങളാണ് ചതുർത്ഥഭാഗം. ഓരോ ഭാഗത്തിനും ഉപവിഭാഗങ്ങളുണ്ട്. ഏ.ആറിന്റെ പഠനവിഭജന രീതി ഇതിലും സ്വീകരിച്ചിരിക്കുന്നു. ഓരോ ഭാഗത്തും ഏ.ആറിന്റെ നിഗമനങ്ങൾ ആദ്യവും കാൽഡ്വലിന്റേത് രണ്ടാമതും നല്കിയിരിക്കുന്നു. ഇരുവരുടെയും നിരീക്ഷണങ്ങളിലെ സമാനതയും ഏ.ആറിന്റെ സ്വതന്ത്ര നിരീക്ഷണങ്ങളും വെവ്വേറെ നല്കിയിട്ടുണ്ട്. അവസാനം, വിലയിരുത്തലിൽ പിൽക്കാല പഠനങ്ങളിലെ ചില നിരീക്ഷണങ്ങൾ കൂടി സൂചിപ്പിച്ചിട്ടുണ്ട്.

കേരളപാണിനീയം ഒന്നാംപതിപ്പിൽ 'പീഠിക' ഇല്ലായിരുന്നു. രണ്ടാംപതിപ്പിലെ മുഖ്യ വ്യതിയാനമാണ് പീഠിക. വ്യാകരണ രചനാ സങ്കല്പത്തിൽ ഏ.ആറിനു വന്ന മാറ്റം കൂടി ഇതു സൂചിപ്പിക്കുന്നു. ഉത്തമമായ ഒരു ആഗമിക വ്യാകരണത്തിന് അനുപേക്ഷണീയങ്ങളായ പ്രാഥമിക കാര്യങ്ങൾ ചർച്ചചെയ്യുന്ന ഒരു ആമുഖമാണ് 'പീഠിക'. 'പീഠിക' രചനയിൽ കേരളപാണിനിയ്ക്ക് ഏറ്റവും സഹായകമായിരുന്ന ഗ്രന്ഥം നിശ്ചയമായും കാൽഡ്വലിന്റേതു തന്നെ. കേരളപാണിനീയം ഒന്നാംപതിപ്പിൽ ഇല്ലായിരുന്ന പ്രത്യയങ്ങളുടെ ആഗമചർച്ചയും വിശദമായി രണ്ടാം പതിപ്പിൽ കാണുന്നു. സർവ്വനാമങ്ങൾ, വർത്തമാനകാല പ്രത്യയം എന്നിവയുടെ ആഗമചർച്ച, വിവർത്തനപ്രക്രിയ, അനുനാസികസംസർഗ്ഗം, ദ്വിത്വഖരാദേശങ്ങൾ എന്നിവയെല്ലാം രണ്ടാംപതിപ്പിൽ മാത്രമേ ഉള്ളു. ഇക്കാര്യങ്ങളിൽ കാൽഡ്വലുമായുള്ള ബന്ധം പ്രബന്ധം പരിശോധിക്കുന്നുണ്ട്.

രണ്ടാം പതിപ്പിന്റെ സംവിധാനത്തിലും സമീപനത്തിലും മുഖ്യ പ്രേരണ കാൽഡ്വലിന്റേതാണെങ്കിലും കേവല അനുകർത്താവല്ല ഏ.ആർ. എന്ന് പ്രബന്ധം സമർത്ഥിക്കുന്നു. ഒരിടത്തും അദ്ദേഹം തന്റെ ബുദ്ധിയെ അപകടകരമാംവിധം പണയപ്പെടുത്തിയിട്ടില്ല. ദ്രാവിഡഭാഷകളെപ്പറ്റിയുള്ള' കാൽഡ്വലിന്റെ പല സിദ്ധാന്തങ്ങളും അദ്ദേഹം പൂർണമായി സ്വീകരിച്ചിട്ടുണ്ട്. അതിൽ ഒരു തെറ്റും ഏ.ആർ. കണ്ടില്ല. താൻ സ്വീകരിക്കുന്ന നിരീക്ഷണങ്ങളെ അന്വേഷണത്തിന്റെ തീഷ്ണവെളിച്ചത്തിൽ പരിശോധിക്കാനും മലയാളഭാഷാ സവിശേഷതകളുടെ അടിസ്ഥാനത്തിൽ പുതിയ വ്യാഖ്യാനങ്ങളും പുതിയ നിയമങ്ങളും രൂപപ്പെടുത്തുവാനും ഏ.ആറിനു കഴിഞ്ഞു. കേരളപാണിനിയെ ഈ യുഗം കണ്ട മഹത്തായ വൈയാകരണനും കേരളപാണിനീയത്തെ മലയാള വ്യാകരണത്തിലെ ഒരു പ്രകാശഗോപുരവും ആക്കിത്തീർക്കുന്നത് ഈ അപൂർവ്വതയാണ്. □

ഡോ. എം.ആർ. സുദർശനകുമാർ, രസതന്ത്ര വിഭാഗം, എം.ജി. കോളേജ്, തിരുവനന്തപുരം

## നോബൽസമ്മാന ജേതാക്കൾ

ഭൗതികശാസ്ത്രത്തിനുള്ള ഈ വർഷത്തെ നോബൽസമ്മാനം സ്റ്റാൻഫോർഡ് സർവകലാശാലയിലെ സ്റ്റീവൻ ചൂ (steven chu), മേരിലാന്റ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്റ്റാന്റേർഡ്സ് ആന്റ് ടെക്നോളജിയിലെ വില്ല്യം ഫിലിപ്സ് (William D. Philips) എന്നീ അമേരിക്കൻ ശാസ്ത്രജ്ഞരും, ക്ലോഡ്കോഹൻ തനോദ്ജി (Claude Cohen-Thannoudji) എന്ന ഫ്രഞ്ചുശാസ്ത്രജ്ഞനും പങ്കിട്ടു. ലേസറിന്റെ സഹായത്തോടെ ആറ്റങ്ങളെ തണുപ്പിക്കുവാനും കെണിയിലാക്കുവാനുമുള്ള മാർഗ്ഗം വികസിപ്പിച്ചെടുത്തതിനാണ് ഇവർ സമ്മാനർഹരായത്.[1]

രസതന്ത്രത്തിനുള്ള നോബൽസമ്മാനവും മൂന്നുപേർ പങ്കിട്ടു. കാലിഫോർണിയ സർവകലാശാലയിലെ പോൾ ഡി. ബോയർ (Paul D. Boyer) കേംബ്രിഡ്ജ് മെഡിക്കൽ റിസേർച്ച് കൗൺസിൽ ഫോർ മോളിക്കുലർ ബയോളജിയിലെ ജോൺ ഇ. വാക്കർ (John E. Walker), ഡെന്മാർക്കിലെ ഡേൻസ്കോ (Jens C. Skou) എന്നിവരാണ് സമ്മാനർഹരായത്. ശരീരത്തിൽ ഊർജ്ജം സംഭരിക്കുന്ന തന്മാത്രയാണല്ലോ അഡിനോസിൻ ട്രൈ ഫോസ്ഫേറ്റ് (adenosine triphosphate, ATP). അഡിനോസിൻ ട്രൈ ഫോസ്ഫേറ്റിന്റെ നിർമ്മാണത്തിന് സഹായിക്കുന്ന എൻസൈമുകളെ കുറിച്ചുള്ള പഠനത്തിനാണ് പോൾ ബോയർക്കും ജോൺവാക്കർക്കും സമ്മാനം ലഭിച്ചത്. കോശഭിത്തികളിലൂടെയുള്ള സോഡിയം, പൊട്ടാസിയം മുതലായ അയോണുകളുടെ സഞ്ചാരത്തെ സഹായിക്കുന്ന എൻസൈമിന്റെ കണ്ടുപിടിത്തത്തിനാണ് ഡേൻസ്കോവിന് അവാർഡ് കിട്ടിയത്.[2]

സാമ്പത്തികശാസ്ത്രത്തിനുള്ള നോബൽസമ്മാനം ഹാർവാർഡ് സർവകലാശാലയിലെ റോബർട്ട് സി. മെർട്ടൻ (Robert C. Merten), സ്റ്റാൻഫോർഡ് സർവകലാശാലയിലെ മിറൻ ഷോൾസ് (Myron S. Scholes) എന്നിവർ പങ്കിട്ടു. 'സ്റ്റോക്ക് ഓപ്ഷനുകളുടെ' മൂല്ല്യനിർണയത്തിന് പുതിയ സമ്പ്രദായം വികസിപ്പിച്ചെടുത്തതിനാണ് ഇവർ സമ്മാനാർഹരായത്. അന്തരിച്ച ധനശാസ്ത്രജ്ഞൻ ഫിഷൻബ്ലാക്കുമായി (Fischen Black) ചേർന്നാണ് ഇവർ ഈ നൂതന സമ്പ്രദായം വികസിപ്പിച്ചെടുത്തത്.[3]

മൈൻ നിരോധനത്തിനായി പ്രചരണം നടത്തുന്ന 'ഇന്റർനാഷണൽ ക്യാമ്പയിൻ ടു ബാൻ ലാന്റ് മൈൻസ്' (ഐ.സി.ബി.എൽ) എന്ന സംഘടനയ്ക്കും അതിന്റെ വനിതാ കോ-ഓർഡിനേറ്ററായ ജോഡി വില്ല്യംസിനുമാണ് (Jody Williams) സമാധാനത്തിനുള്ള നോബൽസമ്മാനം ലഭിച്ചത്. ഏതാണ്ട് ഇരുപത്താറായിരം പേർ പ്രതിവർഷം മൈൻ സ്ഫോടനത്തിനിരയായി കൊല്ലപ്പെടുകയോ, അംഗഹീനരാകുകയോ ചെയ്യുന്നതായാണ് കണക്കാക്കപ്പെടുന്നത്. സെപ്റ്റംബറിൽ ഓസ്ലോവിൽ ചേർന്ന തൊണ്ണൂറിലേറെ രാജ്യങ്ങളുടെ സമ്മേളനം മൈൻ നിരോധനം സംബന്ധിച്ച കരടുകരാറിന് രൂപം നൽകിയിരുന്നു. ഈ വർഷം ഡിസംബറിൽ കരാർ ഒപ്പുവെയ്ക്കാനാവുമെന്നാണ് പ്രതീക്ഷ. എന്നാൽ അമേരിക്ക, റഷ്യ, ചൈന തുടങ്ങിയ രാഷ്ട്രങ്ങൾ കരാറിൽ നിന്ന് വിട്ടുനിൽക്കുകയാണ്. സമ്മാനം പ്രഖ്യാപിച്ച് മണിക്കൂറുകൾക്കകം കരാറിൽ ഒപ്പുവെയ്ക്കാൻ തയ്യാറാണെന്ന് റഷ്യൻപ്രസിഡന്റ് ബോറിസ് യെൽട്സിൻ പ്രഖ്യാപിക്കുകയുണ്ടായി. മറ്റു രാഷ്ട്രങ്ങളെ കൂടി കരാറിൽ ഒപ്പുവെയ്ക്കാൻ ഈ അവാർഡ് പ്രഖ്യാപനം നിർബന്ധിതരാക്കും എന്നു പ്രതീക്ഷിക്കാം.[3, 4]

അമേരിക്കയിലെ ബയോകെമിസ്റ്റ് സ്റ്റാൻലിപ്രൂസിനർ (Stanley B. Prusiner) ക്കാണ് വൈദ്യശാസ്ത്രത്തിലെ ഈ വർഷത്തെ നോബൽസമ്മാനം. ഓർമ്മക്കുറവുമായി ബന്ധപ്പെട്ട മസ്തിഷ്കരോഗങ്ങളെ കുറിച്ചുള്ള പഠനത്തിനാണ് സമ്മാനം ലഭിച്ചത്. വൈറസുകളേയും, ബാക്ടീരിയകളേയും പോലെ ഈ രോഗങ്ങൾക്കു കാരണമായ 'പ്രിയോൺസ്' (Prions) എന്ന തരം പ്രോട്ടീനുകൾ കണ്ടുപിടിച്ചതു വഴി അൽഷിമേഴ്സ് (Alzheimer's). പേമാട് (mad cow, Creutzfeldt-Jakob disease, CJD) തുടങ്ങിയ രോഗങ്ങളെ കുറിച്ചുള്ള പഠനം എളുപ്പമായതായി നോബൽസമ്മാന കമ്മിറ്റി ചൂണ്ടിക്കാട്ടി. ഈ രോഗങ്ങളെ കുറിച്ച് കൂടുതൽ മനസിലാക്കാനും സ്റ്റാൻലിപ്രൂസിനറുടെ ഗവേഷണം വഴിതുറന്നു.[5, 6]

ഇറ്റാലിയൻ നാടകകൃത്തും, നടനും, സംവിധായകനും, സംഘാടകനുമായ ദാരിയോ ഫോ (Dario Fo) സാഹിത്യത്തിനുള്ള നോബൽസമ്മാനത്തിനർഹനായി. 'ആക്സിഡന്റൽ ഡെത്ത് ഓഫ് ആൻ അനാർക്കിസ്റ്റ്', 'ദി സെവൻ കമാൻഡ്മെന്റ്', 'വി കാൺട് പേ, വി വാൺട് പേ', 'ദിസ് വുമൺ ഈസ് എക്സ്പെൻഡബിൾ' തുടങ്ങിയവയാണ് അദ്ദേഹമെഴുതിയ കൃതികൾ. 1968ൽ ഫോദമ്പതിമാർ 'നുവോ വസീന' എന്ന നാടകസംഘം രൂപീകരിച്ചു. ഈ സംഘം നാടകമവതരിപ്പിച്ച ഇറ്റലിയിലെ

ചെറു നഗരങ്ങളിലേയും, 'തൊഴിലാളി' പ്രദേശങ്ങളിലേയും രംഗവേദികൾ തന്നെ സാമൂഹ്യപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന കളിയരങ്ങുകളായി മാറുമായിരുന്നു. ഒരു തികഞ്ഞ കമ്മ്യൂണിസ്റ്റായ ദാരിയോഫോ തന്റെ പാരഡികളിലൂടെ കാപ്പിറ്റലിസ്റ്റുകളെ തികഞ്ഞ പരിഹാസത്തോടെ വിമർശിച്ചിട്ടുണ്ട്.[7, 8, 9]

നോബൽസമ്മാന പ്രഖ്യാപനം കടുത്ത വിവാദത്തിനും തിരികൊളുത്തിയിട്ടുണ്ട്. ഭൗതികശാസ്ത്രത്തിൽ നോബൽസമ്മാനത്തിനർഹമായ ലേസർ ഉപയോഗിച്ച് ആറ്റങ്ങളെ തണുപ്പിക്കുവാനും കെണിയിലാക്കുവാനുമുള്ള മാർഗ്ഗം റഷ്യൻശാസ്ത്രജ്ഞർ നേരത്തെ തന്നെ വികസിപ്പിച്ചിരുന്നതാണെന്ന് 'റഷ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പെക്ട്രോസ്കോപ്പി'യിലെ വാൽഡിമിയർ മിനോഗിൻ (Valdimir Minogin) അവകാശപ്പെട്ടു. 'ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പെക്ട്രോസ്കോപ്പി'യുടെ ഇപ്പോഴത്തെ ഡയറക്ടറായ വ്ലാഡിലെൻ ലെറ്റോകോവും (Vladilen Letokhov) സഹപ്രവർത്തകരും 1976ൽ 'ഒപ്റ്റിക്സ് കമ്മ്യൂണിക്കേഷൻസ്' എന്ന ജേർണലിൽ 'ആറ്റങ്ങളേയും തന്മാത്രകളേയും ലേസർ ഉപയോഗിച്ച് തണുപ്പിക്കുവാനും കെണിയിലാക്കാനുമുള്ള വിദ്യ' എന്ന പ്രബന്ധം പ്രസിദ്ധീകരിച്ചിരുന്നു. ഇതാണ് ലേസർ ഉപയോഗിച്ച് ആറ്റങ്ങളെ തണുപ്പിക്കാനുള്ള വിദ്യയുടെ പന്ഥാവ് തുറന്നത്. റഷ്യൻ ശാസ്ത്രജ്ഞരുടെ സംഭാവനയെ കുറിച്ച് നോബൽസയൻസ് കമ്മിറ്റിക്ക് അറിവുണ്ടായിരുന്നുതാണെന്നും എന്നാലവരുടെ മാർഗ്ഗം സമ്മാനജേതാക്കളുടെയത്രയും വികസിച്ചിരുന്നതല്ലെന്ന് കമ്മിറ്റിക്കുവേണ്ടി പ്രസിഡന്റ് ബെന്റ് നേഗൽ (Bengt Nagel) പ്രഖ്യാപിക്കുകയുണ്ടായി.[10] വൈദ്യശാസ്ത്രത്തിന് സ്റ്റാൻലി പ്രൂസിനർക്ക് സമ്മാനം നൽകിയതും നേരത്തെയായിപ്പോയി എന്ന അഭിപ്രായം ചില ശാസ്ത്രജ്ഞർക്കുണ്ട്. പ്രിയോണുകളാണ് മസ്തിഷ്കരോഗത്തിനു കാരണമെന്നത് തെളിയിക്കപ്പെട്ടിട്ടില്ല എന്നതാണവരുടെ വാദം. രോഗം ബാധിച്ച തലച്ചോറിൽ നിന്നും ശുദ്ധീകരിച്ചെടുത്ത പ്രോട്ടീനിലുള്ള ഇതുവരെ അറിയപ്പെടാത്ത ഏതോ വൈറസാകാം രോഗകാരണമെന്നവർ വാദിക്കുന്നു.[6] ദാരിയോഫോയ്ക്ക് സാഹിത്യത്തിനുള്ള നോബൽസമ്മാനം നൽകിയതിൽ വത്തിക്കാൻ വിമർശനവുമായി രംഗത്തെത്തി. പ്രതിഷേധാർഹമായ കൃതികളുടെ പേരിൽ അവാർഡ് നൽകിയതിനാണവരുടെ എതിർപ്പ്?

## References


1. The Hindu Science and Technology Supplement, 23 October 1997, p. 25.
2. The Hindu Business Review, 22 October 1997, p. 25.
3. The Week, 26 October 1997, p. 34.
4. മലയാളം വാരിക, 24 October 1997, p. 27.
5. മാതൃഭൂമി ആരോഗ്യമാസിക, നവംബർ 1997, p. 27.
6. New Scientist, 11 October 1997, p. 11.
7. The Week, 26 October 1997, p. 32.
8. മാതൃഭൂമി ആഴ്ചപ്പതിപ്പ്, 26 October 1997, p. 6
9. മലയാളം വാരിക, 24 October 1997, p. 24.
10. The Hindu, 30 October 1997, p. 17.



*DISCOUNT COUPON*

**CASINO LODGE**

**Ooty**

*Avail 20% discount in room rent using this coupon before 31st December 1997*

*For advance booking*

*C.C. Koshy, Koshy's Tower, State Bank Lane,*

*Ootaccamund - 643 001 Phone: 0423-41524, 42932*

# The Goddess of small Things

C. AJAYAN, Department of English, S.N.College, Kollam

Hailed as the publishing sensation of this year, Arundhati's novel The God of Small Things has made her a superstar and electrified readers all over the world. It has won the much coveted Booker prize and unprecedented critical acclaim. A book and its writer have been celebrated in an age when many carp on the death of the author, and the death of literature. Arundhati's success is a dazzling counter to such cynicism. To a Keralite, it is matter of immense pride for she has put it on the literary map of the world.

The God of Small Things tells the story of the members of a Syrian Christian family at Aymenem in Kottayam. Rahel and Estha, two-egg twins, are the characters that we first meet in the novel. After her stint at Nazareth convent and a college of Architecture in Delhi and the trauma of a divorcee, she comes to Aymenem to meet her insane brother Estha. Her mother's aunt Baby kochamma is there. She is trying to live her life backwards, desperately trying to embrace the worldly life that she once abandoned. Baby kochamma has loved an Irish priest Father Mulligan but her love does not materialise. Cut off from the world, she now lives in a world of shadows finding solace in watching satellite TV and the endless pictures of glamourized sex, blonds, fashion shows, violence and sport.

Chacko, the twins' uncle is a Rhodes scholar educated at Oxford. His love for roving, his affair with Margaret, his idle days after marriage , his being ditched by Margaret when she finds Joe , his broken -hearted return to Ayemenem with a Bharat bottle-sealing machine to take up the family pickle-business, his communist sympathies and his philandering are portrayed with gentle humour. When Joe dies, Chacko invites Margaret and his daughter Sophie Mol to Aymenem. The twin's mother Ammu in a fit of fury scolds her children and says that they are responsible for her misery: Millstones around her neck". Piqued, the children get into a boat which capsizes in the river Meenachal resulting in the death of Sophie Mol. Mad with anger Chacko sends Ammu and her children out of the house. Ammu sends Estha to Calcutta from where he has now returned and she goes to Allappey, gets a job in restaurant and dies in a cheap lodge.

The central character of the novel in a sense is Ammu whose agony the novelist touchingly portrays. A luminous woman she exudes charm: "She had a delicate chiselled black eyebrows angled like a soaring seagull's wings, a small straight nose and luminous nut brown skin". Married to a 'full-blown' alcoholic who beats his wife and children, and when life with him becomes intolerable she leaves him and comes to Aymenem. A Syrian Christian she has no right in her family property- "no locusts stand I" Ammu has within her. "The Infinite tenderness of motherhood and the reckless rage of a suicide bomber". She is drawn towards the ebony- chested Velutha, an untouchable carpenter but a god, a shaman in his own right carving and polishing beautiful things out of wood. Challenging social norms, caste barriers and religious laws she gives herself to him. The love affair between Ammu and Velutha, its torment and its ecstasy, is described with exquisite tenderness and incredible power: "Her brownness against his blackness. Her softness against his darkness". To Ammu the particular paravan smell of Velutha is exhilarating which Baby Kochamma finds disgusting. Arundhati's language acquires amazing force when she describes their act of love: "Biology designed the dance. Terror timed it. Dictated the rhythm with which their bodies answered each other". Velutha is mercilessly beaten to death by police for molesting a touchable girl as misrepresented to the police by Ammu's mother and aunt. The river Meenachal is a mute Witness to this tale of eros and thanatos, sharing the angst and terror of the protagonist.

Arundhati's novel has been accused of over writing and sentimentality. The repetition of a number of images, tropes, puns and sentences do not mar its beauty but reinforce certain themes and motifs. It is a world of terrible suffering that Arundhati creates which is deeply moving and it cannot be termed as crass sentimentaly. Another failing in the eyes of her critics is her anti-communist stance. True Arundhati has sidelined the contribution made by the communist and trade union movement in Kerala and her strictures on it are biased. If one reads this novel politically, it can also be interpreted as representing the history of the backward classes and how they have been oppressed and exploited by the upper classes. Political correctness is not a criterion to judge a work of art. Arundhati is a grand fabulist and the political personages and political history we find here are part of her fabulation. Elements of faction are abundant in this work, but it is not a political document.

The erotic element in the novel has been derided and condemned as mere pornography. A coarse and revolting description of the sex act is not to be seen here. Nor is it described as an assertion of machismo, of man's money and sex-power degrading women. What is alleged as pornography is to be read as part of the chemistry of love , as part of the richness and beauty of love , as part of the lyricism of Arundhati's fiction. The intimate relation between Estha and Rahel is incestuous but has pathos in it: a lovely sister with a heavy heart trying to soothe the bruised psyche of her brother . Moral shock is not the immediate reaction of the reader but he finds it profoundly moving. With overwhelming tenderness Arundhati pictures it and she expresses her own bewilderment, "Only there were tears.... Only that what they shared that night was not happiness, but hideous grief . A transgression of "love laws" does take place and it brings to them the realisation "who should be loved. And how, And how much".

Amazingly well-crafted and well-written, her novel departs from linear narrative and adopts a circular mode of story-telling. We find in it an exquisite arrangement of what seems a medley of episodes, an apparently disconnected series of fragments creating a new physics of fiction. What makes the reading of this novel a challenging and exciting activity is its loose structure, its formlessness and its apparent lack of coherence. It is a novel that defies easy classification and it is difficult to put it into the straightjacket of any "ism". Though a classic realist text presenting a piece of life, Arundhati shows a keen awareness of the narrative techniques developed by high modernist and postmodernist fictioneers.

What seems nonsensical is the attempt to seek a one to one correspondence between fiction and reality. Ridiculous is the argument that Estha the character in every detail is her brother or Ammu Mary Riy or Rahel Arundhati. To ransack the entire Aymenem for a Velutha is the height of absurdity. Fiction is larger than life and it selects and distorts real persons and envents, and a fictioneer is a beautiful liar giving meaning to 'airy nothing'. A fascinating mix of autobiography and fiction is here and her power of narration gives a realistic touch and colour to everything. Averse to magic realism she has succeeded in showing us that reality can be sheer magic.

Arundhati's characters inhabit a dismal world of inhuman torture, despair, terror and oppression and there is no hope of spiritual regeneration or redemption for them . A broadening of human consciousness, a vision of life which every artist creates is missing here. The God of Small Things is not a great novel nor is she a better writer than Proust or Joyce or our own M.T or O.V. Vijayan. But no one can ignore the human and psychological drama her fiction unfolds, the richness, virility and the poetic beauty and freshness of her language, the perennial themes of literature that she deals with, the celebration of a land and its people, its lush flora and fauna and its river, the glorification of the radiance of the small things of life, the sabotaging of the traditional structure and form of the novel and the sheer vitality of her creative imagination. The God of Small Things reasserts D.H. Lawrence's claim that fiction is the greatest discovery of man and the highest form of human expression. □

# നിലനില്പിനായുള്ള പോരാട്ടത്തിൽപങ്കാളികളാകുക

# എ.കെ.പി.സി.ടി.എ പ്രവർത്തകക്യാമ്പ്

കേരളത്തിലെ സ്വകാര്യ കോളേജധ്യാപകർ പത്തനംതിട്ട ജില്ലയിലെ ചരൽകുന്നിൽ 1997 ആഗസ്റ്റ് 30-ാം തീയതി ശനിയാഴ്ച പ്രഭാതത്തിൽ ഒത്തുചേർന്നു. ഒരുമയെ അരക്കിട്ടുറപ്പിക്കുന്ന മുദ്രാവാക്യങ്ങളാൽ മുഖരിതമായ അന്തരീക്ഷത്തിൽ, സംഘടനയുടെ സജീവ പ്രവർത്തകരെ സാക്ഷിയാക്കി പ്രസിഡന്റ് പ്രൊഫ. എസ്. വിശ്വനാഥൻ പതാക ഉയർത്തിയതോടെ പ്രവർത്തകക്യാമ്പിന്റെ തിരശ്ശീല ഉയർന്നു.

പ്രൊഫ എസ്. വിശ്വനാഥന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രാരംഭസമ്മേളനത്തിൽ സെക്രട്ടറി പ്രൊഫ. മോഹൻകുമാർ സ്വാഗതം ആശംസിച്ചു. സമ്മേളനത്തിന്റെ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് സ: പത്മലോചനൻ ട്രേഡ്യൂണിയൻ പ്രസ്ഥാനത്തെപ്പറ്റി പ്രബന്ധം അവതരിപ്പിച്ചു. സാമ്രാജ്യത്വനയങ്ങൾ തൊഴിലെടുക്കുന്ന വിഭാഗങ്ങളെ എപ്രകാരം സ്വാധീനിക്കുന്നുവെന്നും അതിന് ബദലായി പ്രതിരോധപ്രസ്ഥാനങ്ങളുടെ സാർവ്വ ദേശീയ മുന്നണി രൂപപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെകുറിച്ചും സി.ഐ.ടി.യു സംസ്ഥാനസെക്രട്ടറി സ: പത്മലോചനൻ നടത്തിയ ഉദ്ഘാടനപ്രസംഗത്തിൽ വിശദമായി പ്രതിപാദിച്ചു. ശാസ്ത്രത്തിന്റേയും സാങ്കേതികവിദ്യയുടേയും സംവേഗത്തിന്റെ ഫലമായി മുതലാളിത്തം ഇന്ന് കൂടുതൽ സൂക്ഷ്മമായ തരത്തിലാണ് ലാഭം കൈവശപ്പെടുത്തുന്നത്. വൻതോതിൽ തൊഴിലാളികളെ പിരിച്ചയച്ചും ഉൽപാദനത്തിന്റെ സ്വഭാവത്തിൽ തന്നെ മൗലികമായ മാറ്റം വരുത്തിയും ബഹുരാഷ്ട്രകമ്പനികൾ അവരുടെ ലാഭവും ആസ്തിയും വർദ്ധിപ്പിച്ചുകൊണ്ടിരിക്കയാണ്. പരമ്പരാഗതമായ ഉൽപാദനമേഖലകൾ ഉപേക്ഷിച്ച് കൂടുതൽ ലാഭാധിഷ്ഠിതമായ ഉപഭോക്തൃമേഖലകളിലേക്കാണ് അവരുടെ കണ്ണു മുഴുവൻ. ഏറ്റവും ഒടുവിലായി ഫൈനാൻസ് മൂലധനം ഉപയോഗിച്ച് വികസ്വരരാജ്യങ്ങളിലെ വ്യവസായങ്ങളെ അപ്പാടെ വിലയ്ക്കെടുക്കുന്ന തന്ത്രമാണ് ഇപ്പോൾ നടക്കുന്നത്. ഉൽപാദനത്തിനുവേണ്ടി മുടക്കുമുതൽ അവസാനിപ്പിച്ച് ഇത്തരം പുതിയ വിപണന ഓഹരി കമ്പോളത്തിലേക്ക് ചേക്കേറുന്നതുമൂലം പുതിയ തൊഴിൽ സൃഷ്ടിക്കപ്പെടുന്നില്ല എന്നു മാത്രമല്ല നിലവിലുള്ള തൊഴിൽതന്നെ നഷ്ടപ്പെടുകയും ചെയ്യുന്നു. അമേരിക്കയിലെ ജനറൽ മോട്ടേഴ്സിലെ നാൽപ്പതിനായിരം തൊഴിലാളികളെ ഈയിടെ പിരിച്ചയച്ച സംഭവം അദ്ദേഹം ചൂണ്ടിക്കാട്ടി.

എന്നാൽ ഈ മുതലാളിത്ത നയങ്ങൾക്കെതിരെ സാർവ്വദേശീയ ട്രേഡ്യൂണിയൻ പ്രസ്ഥാനം പുതിയ പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കരുത്തോടെ മുന്നോട്ടുപോകയാണ്. ആഗോളവൽക്കരണത്തിനെതിരെ ഫ്രാൻസിൽ നടന്ന ഐതിഹാസികമായ പണിമുടക്ക് ആ നാട്ടിലെ രാഷ്ട്രീയത്തെതന്നെ മാറ്റിമറിക്കുകയുണ്ടായി. അമേരിക്കയിലെ പാഴ്സൽതൊഴിലാളികൾ നടത്തിയ പണിമുടക്കും അതിന്റെ വിസ്മയവും ശ്രദ്ധേയമായിരുന്നു. ആഗോളവൽകരണത്തിന്റെ മായിക വലയിൽപ്പെട്ട ഇന്ത്യപോലുള്ള വികസ്വരരാജ്യങ്ങളിലും ഇതിനെതിരായ പ്രതിരോധപ്രസ്ഥാനം ശക്തമായിക്കൊണ്ടിരിക്കുന്നു. ബാങ്കിംഗ് മേഖലയിലെ സ്വകാര്യവൽക്കരണത്തിനെതിരായി ബാങ്ക് തൊഴിലാളികൾ ഈയിടെ നടത്തിയ പണിമുടക്ക് സമ്പൂർണ്ണവിജയമായിരുന്നു. ഇത്തരത്തിൽ വിദ്യാഭ്യാസമേഖലയിൽ കമ്പോളവൽക്കരണത്തിനെതിരെ നടത്തുന്ന പോരാട്ടങ്ങൾക്ക് കരുത്തുപകരണമെങ്കിൽ അദ്ധ്യാപകപ്രസ്ഥാനം അംഗത്വംകൊണ്ടും സമരോത്സുകതകൊണ്ടും കൂടുതൽ ശക്തമാവണം. 12,000 കോളേജ് അദ്ധ്യാപകരിൽ മൂന്നിൽ ഒന്നു മാത്രമേ സംഘടനക്കു കീഴിൽ എത്തിയിട്ടുള്ളു എന്നത് ഒരു വെല്ലുവിളിയായി നാം കാണണം. മറ്റുള്ളവരെകൂടി സംഘടനയിലേക്ക് കൊണ്ടുവരുന്നതിനും നിലനിൽപിനായുള്ള പോരാട്ടത്തിൽ പങ്കെടുപ്പിക്കുന്നതിനും സംഘടനാപ്രവർത്തകർ ഓരോ നിമിഷവും പ്രവർത്തിക്കണം എന്ന ആഹ്വാനത്തോടെയാണ് സ: പത്മലോചനൻ തന്റെ ഉദ്ഘാടനപ്രസംഗം അവസാനിപ്പിച്ചത്.

വർക്കേഴ്സ്ക്യാമ്പിന്റെ അധികസമയവും വിനിയോഗിച്ചത്, ഉന്നത വിദ്യാഭ്യാസമേഖല പരിഷ്ക്കരിക്കുന്നതിനെക്കുറിച്ചുള്ള ചർച്ചകൾക്കാണ്. സ: സി.പി. നാരായണൻ (എഡിറ്റർ, ചിന്ത മാസിക), ഡോ: ബാബുജോസഫ് (വൈസ് ചാൻസലർ, കൊച്ചിൻ യൂണിവേഴ്സിറ്റി) പ്രൊഫ: കെ.പി. ദിവാകരൻനായർ (സംസ്ഥാന ജനറൽസെക്രട്ടറി, എ.കെ.പി.സി.ടി.എ) പ്രൊഫ: സദാശിവൻനായർ, പ്രൊഫ: രാമൻപിള്ള (മുൻ ജനറൽസെക്രട്ടറിമാർ) പ്രൊഫ: ഡോ: പി.ജെ. ഫിലിപ്പ്, പ്രൊഫ: ജോയ്ജോബ് കുളവേലി മുതലായവർ ഇതിനെല്ലാം നേതൃത്വം നല്കി.

കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ നവീകരണം സംബന്ധിച്ച പ്രബന്ധം ഡോ: ബാബുജോസഫ് അവതരിപ്പിച്ചു. ശാസ്ത്രസാഹിത്യ പരിഷത്ത്, ഇതു സംബന്ധിച്ച് നടത്തിയ പഠനങ്ങൾ ആമുഖമായി അദ്ദേഹം ഉദ്ധരിച്ചു. പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ വിദ്യാഭ്യാസ മേഖല

യിൽ നിന്ന് ലഭ്യമാകുന്നില്ല. കലാശാലകൾ ലക്ഷ്യങ്ങളിൽ നിന്ന് അനേകകാതം പിന്നിലാണ്. എണ്ണത്തിലുള്ള വർദ്ധനവ് നിഷേധിക്കുന്നില്ല. എന്നാൽ സ്ഥാപനങ്ങൾ മികവു നേടിയെന്ന് പറയാവതല്ല. വകതിരിവില്ലാതെയാണ്, പരമ്പരാഗത കോഴ്സുകൾ ആരംഭിച്ചത്. സാമൂഹിക മാറ്റങ്ങൾ ഇക്കാര്യത്തിൽ മാനദണ്ഡമായില്ല. ഉന്നത വിദ്യാഭ്യാസമേഖലയുടെ മുരടിപ്പിന് ഇത് മുഖ്യകാരണമായി. ഏതായാലും, പുനരവലോകനത്തിന് സമയമായി. കാരണം, സാമൂഹിക പുരോഗതിയുടെ അടിസ്ഥാനഘടകം, സർവ്വകലാശാലാ വിദ്യാഭ്യാസത്തിന്റെ ഗുണമേന്മയാണ്.

കേരളത്തിൽ ഇരുന്നൂറ്റിയാറു കോളേജുകളാണുള്ളത്. 96-97-ലെ കണക്കനുസരിച്ച് വിദ്യാർത്ഥികളിൽ 59 ശതമാനവും പ്രീഡിഗ്രിക്കാരും. ഇവരെ സ്കൂളുകളിലേക്ക് മാറ്റുന്നതോടെ കോളേജിന്റെ ആന്തരഘടനയിൽ അധികം സൗകര്യങ്ങൾ വന്നുചേരും. ഇത് പ്രയോജനപ്രദമായി ഉപയോഗപ്പെടുത്തണം. ഒപ്പം, ഇപ്പോഴുള്ള കോഴ്സുകളുടെ നിലവാരത്തകർച്ചയെപ്പറ്റി വിചിന്തനവും ആവശ്യമാണ്.

കേരളത്തിലെ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾ പിന്നോക്കാവസ്ഥയിലാണ്. മിക്കതും പണ്ഡിതോചിതമായ മികവിന്റെ കേന്ദ്രങ്ങളല്ല. ഇവയെ അന്താരാഷ്ട്ര നിലവാരത്തിൽ എത്തിക്കണം. ഇതിനുള്ള സത്വര നടപടികൾ ഉടനടി സ്വീകരിക്കേണ്ടതാണ്. അതതു വിജ്ഞാനശാഖകളിൽ കാലികപ്രസക്തിയുള്ള പുസ്തകങ്ങളുടെ പാരായണവും പഠനവും പ്രധാനപ്പെട്ട സംഗതിയാണ്. ഇങ്ങനെ ലഭിക്കുന്ന അറിവിന്റെ പ്രയോഗവല്കരണത്തിൽ പ്രാധാന്യം നല്കേണ്ടതാണ്. ഇതെല്ലാം അധഃപതനത്തിന്റെ ഗതിവേഗത്തിന് തടയിടും.

## പാഠ്യവിഷയങ്ങളും പാഠ്യപദ്ധതിയുടെ ഘടനയും

വരുംകാലങ്ങളിൽ രാജ്യം ലോകശക്തി ആയിത്തീരണമെങ്കിൽ വ്യാവസായികമായി അഭിവൃദ്ധിപ്പെടണം. ടെക്നിക്കൽ മേഖലകളിൽ അതീവ ശ്രദ്ധ പതിയേണ്ടതുണ്ട്. സാങ്കേതിക വിദ്യാഭ്യാസക്രമം കുറ്റമറ്റതാകണം. ഇതിനായി, സർവ്വകലാശാലകൾ കുറഞ്ഞത് അഞ്ചുവർഷത്തിലൊരിക്കലെങ്കിലും പാഠ്യപദ്ധതിയും വിഷയങ്ങളും പുനരവലോകനം നടത്തണം. കൂടാതെ പരീക്ഷാസമ്പ്രദായങ്ങളിലും പരിവർത്തനങ്ങൾ ആവശ്യമാണ്. അതതു സ്ഥാപനങ്ങളിൽത്തന്നെ വിദ്യാർത്ഥികളുടെ മൂല്യനിർണ്ണയം അഭികാമ്യമാണ്. പ്രോജക്ട്വർക്കുകൾ ഏർപ്പെടുത്തി ഓരോ വിദ്യാർത്ഥിയുടേയും ശേഷി എളുപ്പത്തിൽ വിലയിരുത്താം. എന്നാൽ അധ്യാപകന്റെ ആർജ്ജവം നഷ്ടപ്പെടാൻ ഇടവരരുത്. അങ്ങനെ സംഭവിച്ചാൽ പരീക്ഷാപരിഷ്കാരങ്ങൾ ഗുണത്തെക്കാൾ ദോഷം ഉളവാക്കും.

## 'അക്കാദമീയ' പരിവർത്തനങ്ങളെപ്പറ്റി

കേരള രാഷ്ട്രീയ-സാമൂഹിക ഘടനകൾ കണക്കിലെടുക്കുമ്പോൾ, ഉടനടി സമൂലപരിവർത്തനങ്ങൾ സാധ്യമല്ല. എന്നാൽ, ചർച്ചകളിലൂടെ അഭിപ്രായസമന്വയം ഉണ്ടാക്കി മാറ്റങ്ങൾ വരുത്താവുന്നതാണ്. ഏതാനും നിർദ്ദേശങ്ങൾ ചുവടെ-

1. ഡിഗ്രിതലത്തിൽ ഐച്ഛികവിഷയത്തിന് കൂടുതൽ പ്രാധാന്യം നല്കണം. ഭാഷാവിഷയങ്ങൾ ഏതെങ്കിലും ഒരെണ്ണം മതിയാകും.
2. തൊഴിൽസാധ്യതയുള്ള വിഷയങ്ങൾ ഐച്ഛികമായോ ഹ്രസ്വകാല കോഴ്സുകളായോ ഡിഗ്രിക്കു പഠിപ്പിക്കാം. എന്നാൽ, അടുത്തകാലത്ത് രൂപകല്പനചെയ്ത 'ത്രിമെയിൻ കോഴ്സ്' പ്രായോഗികമല്ല.
3. മതിയായ ചർച്ചകളുടേയും വിലയിരുത്തലിന്റെയും അഭാവമാണ്, സ്വകാര്യട്യൂഷന് വിദ്യാർത്ഥികളെ നിർബന്ധിതരാക്കുന്നത്. അതിനാൽ സ്വയം പഠനത്തിനുള്ള സാഹചര്യങ്ങൾ ക്ലാസ്സിൽ ഉണ്ടാക്കി സ്വകാര്യട്യൂഷനെ നിരുത്സാഹപ്പെടുത്തണം.
4. സിദ്ധാന്തങ്ങൾ പുതിയ സാഹചര്യങ്ങളിൽ പ്രയോഗിക്കുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കണം. എങ്കിലേ തികഞ്ഞ ജ്ഞാനസമ്പാദനം സാധ്യമാകുകയുള്ളൂ.
5. പ്രശ്നപരിഹാരങ്ങൾക്ക് അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരിശീലനം നല്കണം.
6. പാഠ്യപദ്ധതിയും വിഷയങ്ങളും എല്ലാറ്റിനും പുറമേ വ്യക്തിത്വവികസനത്തിന് ഉതകണം.
7. അദ്ധ്യാപകർ നിരന്തരം 'വർക്ക്ഷോപ്പു'കളിലും സെമിനാറുകളിലും സംബന്ധിക്കണം. എങ്കിലേ വിജ്ഞാനനിറവ് ഉണ്ടാവൂ. ഉൽകൃഷ്ട അധ്യാപകരെ പ്രത്യേകം ആദരിക്കുന്നതിനായി പദവികളും അവാർഡുകളും ഏർപ്പെടുത്തണം.

## വിദ്യാഭ്യാസത്തിനുള്ള ഫണ്ട് കണ്ടെത്തൽ

വിദ്യാഭ്യാസമേഖലയ്ക്കുള്ള വിഭവസമാഹരണത്തെ സംബന്ധിച്ച് അഭിപ്രായവ്യത്യാസങ്ങൾ വ്യാപകം ആയിട്ടുണ്ട്. കൂടുതൽ മുതൽമുടക്കിന് സർക്കാർ വൈമുഖ്യം പ്രകടിപ്പിക്കുന്നു. ഇത് രാഷ്ട്രപുരോഗതിക്ക് തടസമാകാൻ ഇടയുണ്ട്. എന്നാൽ സ്ഥാപനങ്ങളോട് അനുബന്ധിച്ച്, എന്തെങ്കിലും ഉല്പാദനകേന്ദ്രങ്ങൾ ആരംഭിച്ചാൽ വികസനം ത്വരിതപ്പെടുത്താൻ കഴിയും.

## സർവ്വകലാശാലകളുടെ അക്കാദമീയ ഐക്യം

അക്കാഡമിക് രംഗങ്ങളിൽ സർവ്വകലാശാലകൾ തമ്മിൽ പരസ്പരധാരണ ആവശ്യമാണ്. സാമൂഹിക ആവ

ശ്യങ്ങൾ കണക്കിലെടുക്കാത്ത പുതിയ കോഴ്സുകൾ അനു വദിക്കാൻ ഇടവരരുത്. ഉന്നത വിദ്യാഭ്യാസത്തിന് ഒരു പൊതുസമിതി ഉണ്ടാകുന്നപക്ഷം യൂണിവേഴ്സിറ്റികളുടെ പ്രവർത്തനം കാര്യക്ഷമം ആയിത്തീരും. മൊത്തത്തിൽ സർവ്വ കലാശാലാ വിദ്യാഭ്യാസസമ്പ്രദായം പൊളിച്ചെഴുതേണ്ട കാലം കഴിഞ്ഞിരിക്കുന്നു.

വിദ്യാഭ്യാസരംഗത്തെ സമൂല പരിവർത്തനത്തെപ്പറ്റി സ: സി.പി. നാരായണന്റെ നിർദ്ദേശങ്ങൾ വിലപ്പെട്ടതുതന്നെ. പഠിത്തം വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടണം. അതാ യത് അവർക്ക് ഭാവിയിൽ നേടാൻ കഴിയുന്ന ജോലിയെ കാര്യക്ഷമമാക്കാൻ ഉതകുന്നതാകണം, വിദ്യാഭ്യാസപദ്ധതി. എന്നാൽ കേരളത്തിലെ ഇന്നത്തെ വിദ്യാഭ്യാസം വളരെ കുറച്ചൊരു ശതമാനത്തിനേ ഗുണകരമാകുന്നുള്ളൂ. ഇത് ഗൗരവത്തോടെ ചിന്തിക്കേണ്ട പ്രശ്നമാണ്. വിദ്യാഭ്യാസ ത്തിന്റെ മുടക്കുമുതലും അതിൽ നിന്നുള്ള നേട്ടങ്ങളും തമ്മിൽ ഗുണപരമല്ലാത്ത അന്തരം വർദ്ധിച്ചുകൊണ്ടിരി ക്കുന്നു. കേരളത്തിലെ വിദ്യാഭ്യാസപദ്ധതിയുടെ മോശപ്പെട്ട നിലവാരത്തിലേക്ക് ഇത് വിരൽചൂണ്ടുന്നു.

കേരളം സാക്ഷരതയിൽ മുൻനിരയിലാണ്. വിദ്യാഭ്യാ സസ്ഥാപനങ്ങൾ, കോഴ്സുകൾ എന്നിവയുടെ എണ്ണം പണ്ടുണ്ടായിരുന്നതിനേക്കാൾ അനേകമടങ്ങ് വർദ്ധിച്ചിട്ടു ണ്ട്. പക്ഷേ വിദ്യാർത്ഥികൾ ഒരു വിഷയത്തിലും വൈദ ഗ്ദ്ധ്യം സമ്പാദിക്കുന്നില്ല. കേരളത്തിലെ 'വർക്ക്ഫോഴ്സി'ന്റെ ഗുണപരമായ മേന്മ വളരെ താഴെ യാണ്. വൈദ്യുതിക്ഷാമം മാത്രമല്ല വിദഗ്ദ്ധജീവനക്കാ രുടെ ക്ഷാമവും വ്യവസായമേഖലയിൽ, ഇവിടെ മാന്ദ്യം സൃഷ്ടിക്കുന്നു.

പൊളിച്ചെഴുത്ത് യൂണിവേഴ്സിറ്റിതലത്തിൽ ആരംഭിച്ച തുകൊണ്ട് ഉദ്ദേശിച്ച പ്രയോജനം കൈവരിക്കാനാവില്ല. പ്രിപ്രൈമറിതലം മുതൽ പരിഷ്കരണം ആരംഭിക്കണം. പ്രാഥമികതലത്തിന്റെ തുടർച്ചയാകണം യൂണിവേഴ്സിറ്റി വിദ്യാഭ്യാസത്തിന്റെ പാഠ്യപദ്ധതി.

പരീക്ഷയിൽ തോല്ക്കുന്ന ബഹുഭൂരിപക്ഷത്തെ നാം വിസ്മരിക്കുകയാണ്, പതിവ്. ഇവരെ പുനരധിവസിപ്പിക്കു ന്നതിനുള്ള സ്കീമുകൾ തീരെ കുറവാണ്. ദൈനംദിന ജീവിതത്തിലെ പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ പ്രാപ്തരാ ക്കുന്ന വിദ്യാഭ്യാസപദ്ധതിക്കാണ് പ്രാധാന്യം നല്കേണ്ടത്. പാഠ്യപദ്ധതി, സിലബസ്, മൂല്യനിർണ്ണയം തുടങ്ങിയവ ഇത നുസരിച്ചാകണം. ചുരുക്കത്തിൽ പ്രായോഗിക അനുഭവ ങ്ങൾ നിറഞ്ഞതും തൊഴിൽസാധ്യതയുള്ളതുമായ വിദ്യാ ഭ്യാസമാണ് രാജ്യത്ത് നടപ്പാക്കേണ്ടത്.

പ്രൊഫഷണൽ കോഴ്സുകൾ സമം ഡോക്ടർ, എഞ്ചി നീയർ എന്ന സമവാക്യം തിരുത്തികുറിക്കണം. ബേസിക് കോഴ്സുകൾ പൂർണ്ണമായും ഇല്ലാതാകുന്നത് അഭികാമ്യമ ല്ല. ഇതോടൊപ്പം തന്നെ തൊഴിലിലും പ്രാവീണ്യം നേടാം. നമ്മുടെ പുരാതന കലാപാരമ്പര്യങ്ങളെ പരിഷ്കരിച്ച് തൊഴിൽമേഖലകളിൽ പ്രയോജനപ്പെടുത്താവുന്നതാണ്. പക്ഷേ സിദ്ധാന്തങ്ങൾ പ്രായോഗികമാകണമെങ്കിൽ പരി ശീലനം കൂടിയേ തീരൂ. ഏതായാലും കോളേജ്തലത്തി ലുണ്ടാകുന്ന മാറ്റങ്ങൾ മുഴുവൻ സ്കൂളിന്റെ തുടർച്ചയാവ ണം. 'ചിന്ത'യുടെ എഡിറ്റർ ഇങ്ങനെ ഉപസംഹരിച്ചു.

അക്കാദമിക് കമ്മറ്റിയുടെ പ്രവർത്തന നയരേഖ വിദ്യാ ഭ്യാസരംഗത്തെ 'സുവർണ്ണരേഖ' തന്നെ. ഡോ: പി.ജെ. ഫിലി പ്പാണ്, സമ്മേളനത്തിൽ ഇത് അവതരിപ്പിച്ചത്. പരമ്പരാ ഗത കോഴ്സുകൾ നവീകരിച്ച് ക്യാമ്പസുകളിൽ നിലനിറു ത്തേണ്ടതാണ്. അതേസമയം ഓരോവിഷയങ്ങളിലേയും നൂതനമേഖലകൾ സിലബസ്സിൽ ചേർക്കേണ്ടതാണ്. വിദ്യാർത്ഥികൾക്ക് താല്പര്യമുള്ള വിഷയങ്ങൾ 'ഇലക്ടീവാ'യി ഉൾപ്പെടുത്തണം. എന്നാൽ 'ട്രിമെയിൻ' കോഴ്സുകളെ കമ്മറ്റി പ്രോത്സാഹിപ്പിക്കുന്നില്ല.

പരമ്പരാഗതമായ പഠനധാരകൾക്കൊപ്പം 'മൾട്ടി-ഡിസിപ്ലിനറി' കോഴ്സുകളും ശുപാർശചെയ്യുന്നു. മുഖ്യവി ജ്ഞാനശാഖകളോടൊപ്പം പരമാവധി യോജിച്ച ഒന്നോ അതിലധികമോ വിജ്ഞാനശാഖകൾ ഉൾപ്പെടുത്തിയായി രിക്കണം, ഇത്തരം കോഴ്സുകളുടെ രൂപകല്പന. പഠനത്തി നും, അവ സമൂഹത്തിലേക്ക് വിനിമയം ചെയ്യാനും ഭാഷാ പഠനവും ആവശ്യമാണ്. വിദ്യാർത്ഥികളുടെ സർഗ്ഗവാസന കളും ഗവേഷണചാതുര്യവും വികസിപ്പിക്കുക ആയിരി ക്കണം ലക്ഷ്യം. എങ്കിലേ ഉയർന്ന നിലവാരവും അതുവഴി ദേശീയ-അന്തർദേശീയ അംഗീകാരവും ലഭ്യമാകുകയുള്ളൂ.

## പ്രീ-ഡിഗ്രിയുടെ പുനഃസംഘാടനം

'ഹയർ സെക്കണ്ടറി' തലത്തിലെ വിദ്യാർത്ഥികൾക്ക് കാര്യക്ഷമമായ ശിക്ഷണം നല്കേണ്ടതാണ്. പ്രീഡിഗ്രി 'പ്ലസ്ടു'വായി സ്കൂളിൽ അരംഭിക്കുന്നതോടെ ഇത് സാധ്യ മാകും. ഇതിനായി സ്കൂളിന്റെ ആന്തരിക ഘടനയിലെ സൗകര്യങ്ങൾ വിപുലമാക്കേണ്ടതാണ്. പ്രഗത്ഭരായ അദ്ധ്യാ പകരുടെ സേവനം സ്കൂളുകളിൽ ഉറപ്പാക്കേണ്ടതാണ്. ഇത് സാധ്യമാകണമെങ്കിൽ അധ്യാപക നിയമനങ്ങളിൽ സാരമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തണം. പബ്ലിക് സർവ്വീസ് കമ്മീഷനോ, മറ്റേതെങ്കിലും ഓട്ടോണമസ് ഏജൻസിയോ നടത്തുന്ന യോഗ്യതാപരീക്ഷയുടെ അടിസ്ഥാനത്തിലാകണം നിയമനം. അക്കാദമിക് വിദഗ്ദ്ധ രടങ്ങുന്ന കമ്മറ്റിയ്ക്കായിരിക്കണം നിയമന ഉത്തരവാ ദിത്വം.

മറ്റേതൊരു ജീവനക്കാരനും സ്വന്തം പ്രോവിഡന്റ്ഫണ്ടിൽ നിന്നും ലോൺ എടുക്കാൻ മണിക്കൂറുകൾ മതിയെന്നിരിക്കെ സ്വകാര്യ കോളേജദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം അപേക്ഷിച്ചിട്ട് മാസങ്ങളോളവും ചിലപ്പോൾ വർഷങ്ങളോളവും കാത്തിരിക്കേണ്ട സ്ഥിതിയാണുള്ളത്. ക്രെഡിറ്റ് കാർഡുകൾ താമസംവിനാ നല്കുമെന്ന ഉറപ്പ് വർഷങ്ങളായി നിലനില്ക്കുന്നു. ഇത് എന്നാണാവോ സഫലീകൃതമാവുക?

സർവീസ് വെരിഫിക്കേഷൻ സംബന്ധിച്ച നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് എത്രയോ തവണ തീരുമാനമായിട്ടുണ്ട്. അതിനുവേണ്ടി സർക്കാർ ഉത്തരവനുസരിച്ച് സമർപ്പിച്ച അപേക്ഷകൾ എവിടെയാണെന്ന് ഒരു വിവരവും ഇല്ല. സർവീസിൽ നിന്നും വിരമിക്കുന്ന അദ്ധ്യാപകരുടെ പെൻഷൻ വർഷങ്ങളോളം താമസിക്കുന്നതിന് പ്രധാനമായി പറയുന്ന കാര്യം മറ്റെങ്ങുമില്ലാത്ത നീണ്ട സർവീസ് വെരിഫിക്കേഷനാണ്. അതുപോലെതന്നെയാണ് പ്രോവിഡന്റ്ഫണ്ട് ക്ലോഷറിന്റെ പ്രശ്നവും. പി.എഫ്. തുക ലഭിക്കാൻ നീണ്ട കാത്തിരിപ്പ് വേണ്ടിവരുന്നു.

ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ മന്ത്രിമാരുമായും ഉന്നതവിദ്യാഭ്യാസ സെക്രട്ടറിയുമായും കോളേജ് വിദ്യാഭ്യാസ ഡയറക്ടറുമായും എത്രയോതവണ എ.കെ.പി.സി.ടി.എ ചർച്ച നടത്തിയിട്ടുണ്ട്. ചർച്ച കഴിഞ്ഞാൽ മിനിട്സ് കിട്ടാൻ മാസങ്ങൾ എടുക്കുന്നു; മിനിട്സ് കിട്ടിയാൽ തന്നെ അതിന്റെ ഫയൽ ഉണ്ടാകാൻ വീണ്ടും മാസങ്ങളും വർഷങ്ങളും വേണം. അതിലെന്നെങ്കിലും ഉത്തരവായാൽ തന്നെ ദുർവ്യാഖ്യാനം ചെയ്ത് നീതി നിഷേധിക്കുന്ന വ്യാപകമായ പ്രവണതയാണുള്ളത്. സ്വകാര്യ കോളേധ്യാപകർ ഇന്ന് നേരിടുന്ന ഏറ്റവും വലിയ അനീതി ഇത് തന്നെയാണ്. ഇത്തരത്തിലുള്ള അദ്ധ്യാപക ദ്രോഹനടപടികൾക്കെതിരെ പ്രക്ഷോഭം ശക്തിപ്പെടുത്താൻ എ.കെ.പി.സി.ടി.എ നിർബന്ധിതമായിരിക്കുകയാണെന്ന് ബന്ധപ്പെട്ടവരെ ഞങ്ങൾ ഓർമ്മിപ്പിക്കുന്നു. □

## സർവകലാശാലകൾക്ക് മുകളിൽ അക്കാദമിക് സമിതി!

കോഴ്സ് നവീകരണം സംബന്ധിച്ച് സംസ്ഥാനതലത്തിൽ വിദഗ്ധസമിതി രൂപവൽക്കരിക്കണമെന്ന അന്തർ സർവകലാശാല കൂടിയാലോചനസമിതി (ഐ.യു.സി.സി)യുടെ ശുപാർശ എ.കെ.പി.സി.ടി.എ പ്രതിനിധികളായ സിണ്ടിക്കേറ്റംഗങ്ങളുടെ ശക്തമായ എതിർപ്പിനെ തുടർന്ന് വിദ്യാഭ്യാസമന്ത്രി പിൻവലിച്ചു. സിൻഡിക്കേറ്റംഗങ്ങളുമായി മന്ത്രി നടത്തിയ ചർച്ചയിൽ കേരള, മഹാത്മാഗാന്ധി, കോഴിക്കോട് സർവകലാശാല സിൻഡിക്കേറ്റുകളിലെ ആറ് എ.കെ.പി.സി.ടി.എ പ്രതിനിധികൾ പങ്കെടുത്തു. സർവകലാശാല തലത്തിൽ തന്നെ സമിതി രൂപവൽക്കരിച്ച് ശുപാർശകൾ നല്കാമെന്ന് സിണ്ടിക്കേറ്റംഗങ്ങൾ വ്യക്തമാക്കുകയുണ്ടായി.



## ഡോ: റ്റി.എം. അജിത്കുമാർ അന്തരിച്ചു

ധനുവച്ചപുരം വി.ടി.എം.എൻ.എസ്.എസ്. കോളേജിലെ ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപകനും എ.കെ.പി.സി.ടി.എ.യുടെ സജീവാംഗവുമായ ഡോ: റ്റി.എം. അജിത്കുമാർ 7.10.97ന് നിര്യാതനായി. ഡോ: അജിത്കുമാറിന്റെ വേർപാടിൽ ബ്രാഞ്ച് അനുശോചനം രേഖപ്പെടുത്തി.

# XIX Statutory Conference of AIFUCTO

The 19th statutory conference of AIFUCTO was held at Barauni (Bihar) on 26th, 27th and 28th October 1997. About 500 teachers including 250 delegates from 16 states participated in the conference. The conference was spread over different sessions such as Inaugural session, Educational session, Delegate session, Election of the office bearers etc. The cultural programmes staged by the Indian Peoples' Theotrical Arts were very much appreciated by the delegates. Vice-Chancellors, Higher Education Ministers of Bihar and West Bengal and notable Educationists, MLAs, MLCs were the dignitaries who participated in different sessions. In the educational session, main programme was a national seminar on the subject "Teachers in Higher Education Serving the cause of Indian People in the 50th year of our Independence".

In the delegate sessions, discussions were mainly centred on the implementation of Rustogi Committee Report. Other important topics of discussions were those regarding autonomous colleges, unaided colleges, service conditions of teachers etc. The conference registered its strong protest against the delay in submitting the Report to the Central Govt. by the UGC.

The conference unanimously decided to serve a firm notice on the Govt. of India through one day cease work in all colleges and universities all over India on 9th December 1997 demanding modifications in the Rustogi Committee Report in line with the demands put forward by AIFCTO and also for its immediate publication by the UGC.

The conference also resolved to go for an indefinite strike from 20.1.1998 in case the aforesaid just demands of AIFUCTO are not met by that time by the Central Govt. Movement resolution adopted by the conference is given in the following pages.

The conference reelected Dr. K.K. Thekkedath as president and Prof. Mrinmoy Bhattacharya as General Secretary. **General Secretary of the AKPCTA Prof. K.P. Divakaran Nair was elected as one of the national secretaries.**

The following nine delegates from Kerala participated in the conference, Prof. K.P. Divakaran Nair (General Secretary, AKPCTA), Prof. M. Salim (Treasurer, AKPCTA), Prof. R. Mohanakumar (Secretary, AKPCTA), Prof. M. Divakaran Nair (Dist. Secretary, AKPCTA), Prof. V.N. Chandramohan (Treasurer, AKGCT), Prof. K.N. Remanan (Vice-President, AKGCT), Prof. K.V. Narayanan (Secretary, AKGCT), Prof. K.K. Raju (Dist. Secretary, AKGCT), Prof. M.G. Babuji (Dist. Secretary, AKGCT).

### Resolution on Movement

The XIX Statutory Conference of the All India University and College Teachers' Organisations, taking note of the Annual Report submitted by the General Secretary and the steps taken by the secretariat and the National Executive Committee regarding the positive and the negative features of the report of the Rustogi (pay review) Committee, is firmly of the opinion that, in spite of successful demonstrations all over the country on 5th August and 22nd September, the Govt. of India and the UGC are yet to overcome their procrastination and dilatory tactics regarding the introduction of new pay-scales for university and college teachers. While the UGC has been forced to make the Rustogi report public and to listen to our proposals for modification (as embodied in AIFUCTO's letters to the UGC dated 18.8.97 and 19.9.97), we are yet to be informed how much of these changes have been accepted by the UGC and recommended to the HRD Ministry of the Govt. of India. This conference is specially disturbed by the fact that the Govt. of India and the UGC are totally silent about the proportion of the financial responsibility that they will bear in order to imple-

യിൽ നിന്ന് ലഭ്യമാകുന്നില്ല. കലാശാലകൾ ലക്ഷ്യങ്ങളിൽ നിന്ന് അനേകകാതം പിന്നിലാണ്. എണ്ണത്തിലുള്ള വർദ്ധനവ് നിഷേധിക്കുന്നില്ല. എന്നാൽ സ്ഥാപനങ്ങൾ മികവു നേടിയെന്ന് പറയാവതല്ല. വകതിരിവില്ലാതെയാണ്, പരമ്പരാഗത കോഴ്സുകൾ ആരംഭിച്ചത്. സാമൂഹിക മാറ്റങ്ങൾ ഇക്കാര്യത്തിൽ മാനദണ്ഡമായില്ല. ഉന്നത വിദ്യാഭ്യാസമേഖലയുടെ മുരടിപ്പിന് ഇത് മുഖ്യകാരണമായി. ഏതായാലും, പുനരവലോകനത്തിന് സമയമായി. കാരണം, സാമൂഹിക പുരോഗതിയുടെ അടിസ്ഥാനഘടകം, സർവ്വകലാശാലാ വിദ്യാഭ്യാസത്തിന്റെ ഗുണമേന്മയാണ്.

കേരളത്തിൽ ഇരുന്നൂറ്റിയാറു കോളേജുകളാണുള്ളത്. 96-97-ലെ കണക്കനുസരിച്ച് വിദ്യാർത്ഥികളിൽ 59 ശതമാനവും പ്രീഡിഗ്രിക്കാരും. ഇവരെ സ്കൂളുകളിലേക്ക് മാറ്റുന്നതോടെ കോളേജിന്റെ ആന്തരഘടനയിൽ അധികം സൗകര്യങ്ങൾ വന്നുചേരും. ഇത് പ്രയോജനപ്രദമായി ഉപയോഗപ്പെടുത്തണം. ഒപ്പം, ഇപ്പോഴുള്ള കോഴ്സുകളുടെ നിലവാരത്തകർച്ചയെപ്പറ്റി വിചിന്തനവും ആവശ്യമാണ്.

കേരളത്തിലെ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾ പിന്നോക്കാവസ്ഥയിലാണ്. മിക്കതും പണ്ഡിതോചിതമായ മികവിന്റെ കേന്ദ്രങ്ങളല്ല. ഇവയെ അന്താരാഷ്ട്ര നിലവാരത്തിൽ എത്തിക്കണം. ഇതിനുള്ള സത്വര നടപടികൾ ഉടനടി സ്വീകരിക്കേണ്ടതാണ്. അതതു വിജ്ഞാനശാഖകളിൽ കാലികപ്രസക്തിയുള്ള പുസ്തകങ്ങളുടെ പാരായണവും പഠനവും പ്രധാനപ്പെട്ട സംഗതിയാണ്. ഇങ്ങനെ ലഭിക്കുന്ന അറിവിന്റെ പ്രയോഗവല്കരണത്തിൽ പ്രാധാന്യം നല്കേണ്ടതാണ്. ഇതെല്ലാം അധഃപതനത്തിന്റെ ഗതിവേഗത്തിന് തടയിടും.

## പാഠ്യവിഷയങ്ങളും പാഠ്യപദ്ധതിയുടെ ഘടനയും

വരുംകാലങ്ങളിൽ രാജ്യം ലോകശക്തി ആയിത്തീരണമെങ്കിൽ വ്യാവസായികമായി അഭിവൃദ്ധിപ്പെടണം. ടെക്നിക്കൽ മേഖലകളിൽ അതീവ ശ്രദ്ധ പതിയേണ്ടതുണ്ട്. സാങ്കേതിക വിദ്യാഭ്യാസക്രമം കുറ്റമറ്റതാകണം. ഇതിനായി, സർവ്വകലാശാലകൾ കുറഞ്ഞത് അഞ്ചുവർഷത്തിലൊരിക്കലെങ്കിലും പാഠ്യപദ്ധതിയും വിഷയങ്ങളും പുനരവലോകനം നടത്തണം. കൂടാതെ പരീക്ഷാസമ്പ്രദായങ്ങളിലും പരിവർത്തനങ്ങൾ ആവശ്യമാണ്. അതതു സ്ഥാപനങ്ങളിൽത്തന്നെ വിദ്യാർത്ഥികളുടെ മൂല്യനിർണ്ണയം അഭികാമ്യമാണ്. പ്രോജക്റ്റ്‌വർക്കുകൾ ഏർപ്പെടുത്തി ഓരോ വിദ്യാർത്ഥിയുടേയും ശേഷി എളുപ്പത്തിൽ വിലയിരുത്താം. എന്നാൽ അധ്യാപകന്റെ ആർജ്ജവം നഷ്ടപ്പെടാൻ ഇടവരരുത്. അങ്ങനെ സംഭവിച്ചാൽ പരീക്ഷാപരിഷ്കാരങ്ങൾ ഗുണത്തെക്കാൾ ദോഷം ഉളവാക്കും.

## 'അക്കാദമീയ' പരിവർത്തനങ്ങളെപ്പറ്റി

കേരള രാഷ്ട്രീയ-സാമൂഹിക ഘടനകൾ കണക്കിലെടുക്കുമ്പോൾ, ഉടനടി സമൂലപരിവർത്തനങ്ങൾ സാധ്യമല്ല. എന്നാൽ, ചർച്ചകളിലൂടെ അഭിപ്രായസമന്വയം ഉണ്ടാക്കി മാറ്റങ്ങൾ വരുത്താവുന്നതാണ്. ഏതാനും നിർദ്ദേശങ്ങൾ ചുവടെ-

1. ഡിഗ്രിതലത്തിൽ ഐച്ഛികവിഷയത്തിന് കൂടുതൽ പ്രാധാന്യം നല്കണം. ഭാഷാവിഷയങ്ങൾ ഏതെങ്കിലും ഒരെണ്ണം മതിയാകും.
2. തൊഴിൽസാധ്യതയുള്ള വിഷയങ്ങൾ ഐച്ഛികമായോ ഹ്രസ്വകാല കോഴ്സുകളായോ ഡിഗ്രിക്കു പഠിപ്പിക്കാം. എന്നാൽ, അടുത്തകാലത്ത് രൂപകല്പനചെയ്ത 'ത്രിമെയിൻ കോഴ്സ്' പ്രായോഗികമല്ല.
3. മതിയായ ചർച്ചകളുടേയും വിലയിരുത്തലിന്റെയും അഭാവമാണ്, സ്വകാര്യട്യൂഷന് വിദ്യാർത്ഥികളെ നിർബന്ധിതരാക്കുന്നത്. അതിനാൽ സ്വയം പഠനത്തിനുള്ള സാഹചര്യങ്ങൾ ക്ലാസ്സിൽ ഉണ്ടാക്കി സ്വകാര്യട്യൂഷനെ നിരുത്സാഹപ്പെടുത്തണം.
4. സിദ്ധാന്തങ്ങൾ പുതിയ സാഹചര്യങ്ങളിൽ പ്രയോഗിക്കുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കണം. എങ്കിലേ തികഞ്ഞ ജ്ഞാനസമ്പാദനം സാധ്യമാകുകയുള്ളൂ.
5. പ്രശ്നപരിഹാരങ്ങൾക്ക് അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരിശീലനം നല്കണം.
6. പാഠ്യപദ്ധതിയും വിഷയങ്ങളും എല്ലാറ്റിനും പുറമേ വ്യക്തിത്വവികസനത്തിന് ഉതകണം.
7. അദ്ധ്യാപകർ നിരന്തരം 'വർക്ക്ഷോപ്പു'കളിലും സെമിനാറുകളിലും സംബന്ധിക്കണം. എങ്കിലേ വിജ്ഞാനനിറവ് ഉണ്ടാവൂ. ഉൽകൃഷ്ട അധ്യാപകരെ പ്രത്യേകം ആദരിക്കുന്നതിനായി പദവികളും അവാർഡുകളും ഏർപ്പെടുത്തണം.

## വിദ്യാഭ്യാസത്തിനുള്ള ഫണ്ട് കണ്ടെത്തൽ

വിദ്യാഭ്യാസമേഖലയ്ക്കുള്ള വിഭവസമാഹരണത്തെ സംബന്ധിച്ച് അഭിപ്രായവ്യത്യാസങ്ങൾ വ്യാപകം ആയിട്ടുണ്ട്. കൂടുതൽ മുതൽമുടക്കിന് സർക്കാർ വൈമുഖ്യം പ്രകടിപ്പിക്കുന്നു. ഇത് രാഷ്ട്രപുരോഗതിക്ക് തടസമാകാൻ ഇടയുണ്ട്. എന്നാൽ സ്ഥാപനങ്ങളോട് അനുബന്ധിച്ച്, എന്തെങ്കിലും ഉല്പാദനകേന്ദ്രങ്ങൾ ആരംഭിച്ചാൽ വികസനം ത്വരിതപ്പെടുത്താൻ കഴിയും.

## സർവ്വകലാശാലകളുടെ അക്കാദമീയ ഐക്യം

അക്കാഡമിക് രംഗങ്ങളിൽ സർവ്വകലാശാലകൾ തമ്മിൽ പരസ്പരധാരണ ആവശ്യമാണ്. സാമൂഹിക ആവ

ശ്യങ്ങൾ കണക്കിലെടുക്കാതെ പുതിയ കോഴ്സുകൾ അനുവദിക്കാൻ ഇടവരരുത്. ഉന്നത വിദ്യാഭ്യാസത്തിന് ഒരു പൊതുസമിതി ഉണ്ടാകുന്നപക്ഷം യൂണിവേഴ്സിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമായിത്തീരും. മൊത്തത്തിൽ സർവ്വകലാശാലാ വിദ്യാഭ്യാസസമ്പ്രദായം പൊളിച്ചെഴുതേണ്ട കാലം കഴിഞ്ഞിരിക്കുന്നു.

വിദ്യാഭ്യാസരംഗത്തെ സമൂല പരിവർത്തനത്തെപ്പറ്റി സ: സി.പി. നാരായണന്റെ നിർദ്ദേശങ്ങൾ വിലപ്പെട്ടതുതന്നെ. പഠിത്തം വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടണം. അതായത് അവർക്ക് ഭാവിയിൽ നേടാൻ കഴിയുന്ന ജോലിയെ കാര്യക്ഷമമാക്കാൻ ഉതകുന്നതാകണം, വിദ്യാഭ്യാസപദ്ധതി. എന്നാൽ കേരളത്തിലെ ഇന്നത്തെ വിദ്യാഭ്യാസം വളരെ കുറച്ചൊരു ശതമാനത്തിനേ ഗുണകരമാകുന്നുള്ളു. ഇത് ഗൗരവത്തോടെ ചിന്തിക്കേണ്ട പ്രശ്നമാണ്. വിദ്യാഭ്യാസത്തിന്റെ മുടക്കുമുതലും അതിൽ നിന്നുള്ള നേട്ടങ്ങളും തമ്മിൽ ഗുണപരമല്ലാത്ത അന്തരം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. കേരളത്തിലെ വിദ്യാഭ്യാസപദ്ധതിയുടെ മോശപ്പെട്ട നിലവാരത്തിലേക്ക് ഇത് വിരൽചൂണ്ടുന്നു.

കേരളം സാക്ഷരതയിൽ മുൻനിരയിലാണ്. വിദ്യാഭ്യാസസ്ഥാപനങ്ങൾ, കോഴ്സുകൾ എന്നിവയുടെ എണ്ണം പണ്ടുണ്ടായിരുന്നതിനേക്കാൾ അനേകമടങ്ങ് വർദ്ധിച്ചിട്ടുണ്ട്. പക്ഷേ വിദ്യാർത്ഥികൾ ഒരു വിഷയത്തിലും വൈദഗ്ദ്ധ്യം സമ്പാദിക്കുന്നില്ല. കേരളത്തിലെ 'വർക്ക്ഫോഴ്സി'ന്റെ ഗുണപരമായ മേന്മ വളരെ താഴെയാണ്. വൈദ്യുതിക്ഷാമം മാത്രമല്ല വിദഗ്ദ്ധജീവനക്കാരുടെ ക്ഷാമവും വ്യവസായമേഖലയിൽ, ഇവിടെ മാന്ദ്യം സൃഷ്ടിക്കുന്നു.

പൊളിച്ചെഴുത്ത് യൂണിവേഴ്സിറ്റിതലത്തിൽ ആരംഭിച്ചതുകൊണ്ട് ഉദ്ദേശിച്ച പ്രയോജനം കൈവരിക്കാനാവില്ല. പ്രീപ്രൈമറിതലം മുതൽ പരിഷ്കരണം ആരംഭിക്കണം. പ്രാഥമികതലത്തിന്റെ തുടർച്ചയാകണം യൂണിവേഴ്സിറ്റി വിദ്യാഭ്യാസത്തിന്റെ പാഠ്യപദ്ധതി.

പരീക്ഷയിൽ തോല്ക്കുന്ന ബഹുഭൂരിപക്ഷത്തെ നാം വിസ്മരിക്കുകയാണ്, പതിവ്. ഇവരെ പുനരധിവസിപ്പിക്കുന്നതിനുള്ള സ്കീമുകൾ തീരെ കുറവാണ്. ദൈനംദിന ജീവിതത്തിലെ പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുന്ന വിദ്യാഭ്യാസപദ്ധതിക്കാണ് പ്രാധാന്യം നല്കേണ്ടത്. പാഠ്യപദ്ധതി, സിലബസ്, മൂല്യനിർണ്ണയം തുടങ്ങിയവ ഇതനുസരിച്ചാകണം. ചുരുക്കത്തിൽ പ്രായോഗിക അനുഭവങ്ങൾ നിറഞ്ഞതും തൊഴിൽസാധ്യതയുള്ളതുമായ വിദ്യാഭ്യാസമാണ് രാജ്യത്ത് നടപ്പാക്കേണ്ടത്.

പ്രൊഫഷണൽ കോഴ്സുകൾ സമം ഡോക്ടർ, എഞ്ചിനീയർ എന്ന സമവാക്യം തിരുത്തികുറിക്കണം. ബേസിക് കോഴ്സുകൾ പൂർണ്ണമായും ഇല്ലാതാകുന്നത് അഭികാമ്യമല്ല. ഇതോടൊപ്പം തന്നെ തൊഴിലിലും പ്രാവീണ്യം നേടാം. നമ്മുടെ പുരാതന കലാപാരമ്പര്യങ്ങളെ പരിഷ്കരിച്ച് തൊഴിൽമേഖലകളിൽ പ്രയോജനപ്പെടുത്താവുന്നതാണ്. പക്ഷേ സിദ്ധാന്തങ്ങൾ പ്രായോഗികമാകണമെങ്കിൽ പരിശീലനം കൂടിയേ തീരൂ. ഏതായാലും കോളേജ്തലത്തിലുണ്ടാകുന്ന മാറ്റങ്ങൾ മുഴുവൻ സ്കൂളിന്റെ തുടർച്ചയാവണം. 'ചിന്ത'യുടെ എഡിറ്റർ ഇങ്ങനെ ഉപസംഹരിച്ചു.

അക്കാദമിക് കമ്മറ്റിയുടെ പ്രവർത്തന നയരേഖ വിദ്യാഭ്യാസരംഗത്തെ 'സുവർണ്ണരേഖ' തന്നെ. ഡോ: പി.ജെ. ഫിലിപ്പാണ്, സമ്മേളനത്തിൽ ഇത് അവതരിപ്പിച്ചത്. പരമ്പരാഗത കോഴ്സുകൾ നവീകരിച്ച് ക്യാമ്പസുകളിൽ നിലനിറുത്തേണ്ടതാണ്. അതേസമയം ഓരോവിഷയങ്ങളിലേയും നൂതനമേഖലകൾ സിലബസ്സിൽ ചേർക്കേണ്ടതാണ്. വിദ്യാർത്ഥികൾക്ക് താല്പര്യമുള്ള വിഷയങ്ങൾ 'ഇലക്ടീവാ'യി ഉൾപ്പെടുത്തണം. എന്നാൽ 'ത്രിമെയിൻ' കോഴ്സുകളെ കമ്മറ്റി പ്രോത്സാഹിപ്പിക്കുന്നില്ല.

പരമ്പരാഗതമായ പഠനധാരകൾക്കൊപ്പം 'മൾട്ടി-ഡിസിപ്ലിനറി' കോഴ്സുകളും ശുപാർശചെയ്യുന്നു. മുഖ്യവിജ്ഞാനശാഖകളോടൊപ്പം പരമാവധി യോജിച്ച ഒന്നോ അതിലധികമോ വിജ്ഞാനശാഖകൾ ഉൾപ്പെടുത്തിയായിരിക്കണം, ഇത്തരം കോഴ്സുകളുടെ രൂപകല്പന. പഠനത്തിനും, അവ സമൂഹത്തിലേക്ക് വിനിമയം ചെയ്യാനും ഭാഷാപഠനവും ആവശ്യമാണ്. വിദ്യാർത്ഥികളുടെ സർഗ്ഗവാസനകളും ഗവേഷണചാതുര്യവും വികസിപ്പിക്കുക ആയിരിക്കണം ലക്ഷ്യം. എങ്കിലേ ഉയർന്ന നിലവാരവും അതുവഴി ദേശീയ-അന്തർദേശീയ അംഗീകാരവും ലഭ്യമാകുകയുള്ളു.

## പ്രീ-ഡിഗ്രിയുടെ പുനഃസംഘാടനം

'ഹയർ സെക്കണ്ടറി' തലത്തിലെ വിദ്യാർത്ഥികൾക്ക് കാര്യക്ഷമമായ ശിക്ഷണം നല്കേണ്ടതാണ്. പ്രീഡിഗ്രി 'പ്ലസ്ടു'വായി സ്കൂളിൽ അരംഭിക്കുന്നതോടെ ഇത് സാധ്യമാകും. ഇതിനായി സ്കൂളിന്റെ ആന്തരിക ഘടനയിലെ സൗകര്യങ്ങൾ വിപുലമാക്കേണ്ടതാണ്. പ്രഗത്ഭരായ അദ്ധ്യാപകരുടെ സേവനം സ്കൂളുകളിൽ ഉറപ്പാക്കേണ്ടതാണ്. ഇത് സാധ്യമാകണമെങ്കിൽ അധ്യാപക നിയമനങ്ങളിൽ സാരമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തണം. പബ്ലിക് സർവ്വീസ് കമ്മീഷനോ, മറ്റേതെങ്കിലും ഓട്ടോണമസ് ഏജൻസിയോ നടത്തുന്ന യോഗ്യതാപരീക്ഷയുടെ അടിസ്ഥാനത്തിലാകണം നിയമനം. അക്കാദമിക് വിദഗ്ദ്ധരടങ്ങുന്ന കമ്മറ്റിയ്ക്കായിരിക്കണം നിയമന ഉത്തരവാദിത്വം.

## ഇന്നത്തെ നിലവാരത്തകർച്ചക്ക് വിരാമം

വിദ്യാഭ്യാസമേഖലകളിലെല്ലാം മെച്ചപ്പെട്ട പ്രവർത്തനം കോളേജ് അദ്ധ്യാപകരുടെ ലക്ഷ്യമാകണം. ഗവേഷണ-അക്കാദമിക് പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കണം, അദ്ധ്യാപകർ. മിക്ക പ്രൈവറ്റ് കോളേജുകളിലേയും മാനേജർ, പ്രിൻസിപ്പാൾ എന്നിവരുടെ നിഷേധാത്മകമായ അക്കാദമിക് വീക്ഷണങ്ങൾക്കും നയങ്ങൾക്കും എതിരെ സമരം ചെയ്യാനുള്ള ബാധ്യത എ.കെ.പി.സി.ടി.എ അംഗങ്ങൾക്കുണ്ട്. ചുരുക്കത്തിൽ ഏറ്റവും ഉന്നതമായ അക്കാദമിക് അന്തരീക്ഷമായിരിക്കണം നമ്മുടെ ലക്ഷ്യം.

പ്രവർത്തകക്യാമ്പിന്റെ ഒന്നാംദിവസം രാത്രിയിൽ നടന്ന ഗ്രൂപ്പ് ചർച്ച സജീവമായിരുന്നു. യൂണിവേഴ്സിറ്റികളുടെ അടിസ്ഥാനത്തിലായിരുന്നു ഗ്രൂപ്പ് വിഭജനം. പ്രാരംഭമായി, ജനറൽസെക്രട്ടറി സംഘടനാ പ്രവർത്തനരേഖ അവതരിപ്പിച്ചു. ഇതിന്റെ ചുവടു പിടിച്ചായിരുന്നു പ്രധാനമായും ചർച്ച. ഓരോ ഗ്രൂപ്പിലും ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളെപ്പറ്റി രണ്ടാംദിവസം (31-ാംതീയതി) പൊതുവായ അവലോകനം നടന്നു. സംഘടനാപ്രവർത്തനം, അക്കാദമിക് വിഷയങ്ങൾ, അധ്യാപകരുടെ സർവ്വീസ്പ്രശ്നങ്ങൾ എന്നീ മൂന്നു വിഭാഗങ്ങളായി തിരിച്ചായിരുന്നു അപഗ്രഥനം.

സംഘടനാപ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനെപ്പറ്റി എല്ലാ ഗ്രൂപ്പുകാരും ഏകാഭിപ്രായക്കാരായിരുന്നു. നിരവധി പ്രായോഗിക നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു. എ.കെ.പി.സി.ടി.എ അംഗങ്ങളുടെ പ്രവർത്തനം മാതൃകാപരവും അന്തസ്സുറ്റതുമായിരിക്കണം. ആത്മാർത്ഥമായ പ്രവർത്തനങ്ങളിലൂടെ കൂടുതൽ ആളുകളെ സംഘടനയിലേക്ക് ആകർഷിക്കാൻ കഴിയും. സംഘടനയുടെ നിലപാട്, പ്രവർത്തനം തുടങ്ങിയവയെപ്പറ്റി അവബോധം ഉണ്ടാക്കാൻ 'ജേർണ'ലിന് സാധ്യമാക്കും. അതിനാൽ വരിസംഖ്യകൂടി ഉൾപ്പെടുത്തി, അംഗത്വഫീസ് പിരിക്കുന്നതിനുള്ള നിർദ്ദേശം, ഏറെ സ്വാഗതാർഹമായി. അംഗങ്ങളല്ലാത്തവരേയും 'ജേർണ'ലിന്റെ വരിക്കാരാക്കാൻ ശാഖകൾ യത്നിക്കേണ്ടതാണ്. ഇതൊക്കെ സാധ്യമാകണമെങ്കിൽ ശാഖകൾ സജീവമാകണം. മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ശാഖാമീറ്റിംഗുകൾ സംഘടിപ്പിക്കണം. ഇത്തരം യോഗങ്ങളിൽ ജില്ല-സംസ്ഥാന നേതാക്കൾ പങ്കെടുത്താൽ, അത് പുത്തൻ ഉണർവ്വ് പ്രദാനം ചെയ്യും. ഉത്തരവാദിത്വം ഇല്ലാത്ത പ്രവർത്തകരോട് സംഘടനക്ക് വിശദീകരണം തേടാവുന്നതാണ്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് സംഘടനാപ്രവർത്തനം ഊർജ്ജിതമാക്കണം.

ഉന്നത വിദ്യാഭ്യാസരംഗത്തോടുള്ള പ്രതിബദ്ധത അക്കാദമിക് വിഷയങ്ങളുടെ ചർച്ചയിൽ പ്രകടമായി. ശാഖകൾതോറും അക്കാദമിക് സെല്ലുകൾ ആരംഭിക്കേണ്ടതാണ്. പുനഃസംഘടിപ്പിച്ച പാഠ്യപദ്ധതിയെപ്പറ്റിയുള്ള അപഗ്രഥനം സംഘടനാതലത്തിൽ സംഘടിപ്പിക്കാവുന്നതാണ്. വിദ്യാഭ്യാസനിലവാരത്തിന്റെ ഉയർച്ചക്ക് എ.കെ.പി.സി.ടി.എ എക്കാലവും പ്രത്യേക പരിഗണന നല്കിയിട്ടുണ്ട്. പാഠപ്പുസ്തകങ്ങളുടെ തെരഞ്ഞെടുപ്പിലും വിതരണത്തിലും സർവ്വകലാശാലകൾ ഏറെ ശ്രദ്ധപതിപ്പിക്കേണ്ടതാണ്. വിലയുടെ കാര്യത്തിലും മാനദണ്ഡങ്ങൾ ആവശ്യമാണ്.

സർവ്വീസ് വിഷയങ്ങളെക്കുറിച്ച് വിശദമായ ചർച്ച നടന്നു. പ്ലസ്ടു സ്കൂളുകളിൽ ആരംഭിക്കുന്നതോടൊപ്പം, കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കണം. വ്യക്തമായ നയരേഖയുടെ അടിസ്ഥാനത്തിലായിരിക്കണം, കോഴ്സുകൾ അനുവദിക്കേണ്ടത്. 'ഡപ്യൂട്ടേഷൻ' വ്യവസ്ഥയിൽ 'പ്ലസ്ടു'വിൽ ജോലിചെയ്യാൻ താല്പര്യമുള്ള കോളേജ് അദ്ധ്യാപകർക്ക് അതിനുള്ള അവസരം സൃഷ്ടിച്ചാൽ ഗവണ്മെന്റിന് സാമ്പത്തികലാഭം ഉണ്ടാകുന്നതാണ്. ബാക്കിവരുന്ന തസ്തികകളിലെ നിയമനം പൂർണ്ണമായും പി.എസ്.സിക്കു വിടണമെന്നാണ് സംഘടനയുടെ നിലപാട്. പ്രീഡിഗ്രിമാറ്റം സംബന്ധിച്ച് അദ്ധ്യാപകരുടെ ആശങ്കകൾ ഗൗരവമായി ചർച്ചചെയ്തു. അധ്യാപകരുടെ താല്പര്യങ്ങൾ സംഘടന സംരക്ഷിക്കേണ്ടതാണ്. അംഗങ്ങളുടെ മനോവീര്യം തകരുന്ന സാഹചര്യങ്ങൾ വളരാൻ പാടില്ല. പ്രതിനിധികൾക്ക് ഇക്കാര്യത്തിൽ ഏകാഭിപ്രായമായിരുന്നു. സ്വകാര്യ മാനേജുമെന്റുകളും ഗവണ്മെന്റും വരുത്തിവയ്ക്കുന്ന ബുദ്ധിമുട്ടുകൾ എന്തു ത്യാഗം സഹിച്ചും സംഘടന പരിഹരിക്കണം. ജനറൽസെക്രട്ടറി പ്രൊഫ: കെ.പി. ദിവാകരൻനായർ ചർച്ചകളെ ക്രോഡീകരിച്ച്, അദ്ധ്യാപകർക്കനുകൂലമായ, സംഘടനാനിലപാട് വിശദമാക്കി. തുടർന്ന് പത്തനംതിട്ട ജില്ലാസെക്രട്ടറി പ്രൊഫ: അലക്സാണ്ടർ കെ. സാമുവൽ നന്ദി പ്രകാശിപ്പിച്ചു.

*തയ്യാറാക്കിയത്:*

പ്രൊഫ: ജോൺസൺ എബ്രഹാം, മാർത്തോമ്മാ കോളേജ്, തിരുവല്ല

## ഫാത്തിമ കോളേജിൽ എ.കെ.പി.സി.ടി.എ പാനലിന് എതിരില്ല

കൊല്ലം ഫാത്തിമ മാതാ നാഷണൽ കോളേജ് കൗൺസിലിലേക്ക് എ.കെ.പി.സി.ടി.എ സ്ഥാനാർത്ഥികളായ പ്രൊഫ. ലോറൻസ് മൈക്കിൾ, പ്രൊഫ. ബി. ക്ലീറ്റസ്, പ്രൊഫ. ഹേമ ടി. വർഗീസ് എന്നിവർ ഐകകണ്ഠ്യേന തിരഞ്ഞെടുക്കപ്പെട്ടു.

# കോഴിക്കോട് സർവകലാശാലാ വാർത്തകൾ


## പ്ലേസ്മെന്റ്/ഫിക്സേഷൻ

സ്വകാര്യ കോളേജ് അദ്ധ്യാപകരുടെ Higher Grade Placement കൾ സംബന്ധിച്ച് 8/16 വർഷങ്ങൾ പൂർത്തിയാക്കി promotionന് അർഹരായ എല്ലാപേരുടേയും Service Bookഉം Self appraisal formsഉം മറ്റ് അനുബന്ധ സർട്ടിഫിക്കറ്റുകളും സർവകലാശാലയിലേക്ക് അയയ്ക്കാൻ കോളേജുകൾക്ക് നിർദ്ദേശം നല്കുവാൻ കോഴിക്കോട് സർവകലാശാലാ സിന്റിക്കേറ്റ് തീരുമാനിച്ചു.

## ആശ്രിതർക്ക് ജോലി

സ്വകാര്യ കോളേജുകളിലെ അദ്ധ്യാപകരുൾപ്പെടെയുള്ള ജീവനക്കാർ സർവീസിലിരിക്കെ മരണമടഞ്ഞാൽ ആശ്രിതർക്ക് ജോലിനല്കുന്നതിനുള്ള നിയമനിർമ്മാണം നടത്തണമെന്ന് കോഴിക്കോട് സർവകലാശാല സിണ്ടിക്കേറ്റ് കേരളസർക്കാരിനോട് ആവശ്യപ്പെട്ടു.

## പ്രഭാകരൻ പഴശ്ശിക്ക് ചെറുകാട് അവാർഡ്



പ്രശസ്ത സാഹിത്യകാരനായ ചെറുകാടിന്റെ സ്മരണയ്ക്കായി ഏർപ്പെടുത്തിയ ചെറുകാട് അവാർഡിന് ഇത്തവണ പ്രഭാകരൻ പഴശ്ശി തെരഞ്ഞെടുക്കപ്പെട്ടു. മാജിക്മാമൻ എന്ന ബാലസാഹിത്യ കൃതിയാണ് അവാർഡ് നേടിക്കൊടുത്തത്. ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ കഥകളും ലേഖനങ്ങളും എഴുതാറുള്ള പ്രഭാകരൻ പഴശ്ശി 'സംസ്കാരകേരള'ത്തിന്റെ പത്രാധിപരായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. കുചേലന്റെ കുട്ടികൾ എന്ന കഥാസമാഹാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. കണ്ണൂർ എസ്.എൻ. കോളേജിലെ മലയാളം അദ്ധ്യാപകനായ പ്രഭാകരൻ, എ.കെ.പി.സി.ടി.എ.യുടെ കണ്ണൂർ-കാസർഗോഡ് ജില്ലാ പ്രസിഡന്റും സംസ്ഥാനക്കമ്മറ്റിയംഗവുമാണ്.

## എ.കെ.പി.സി.ടി.എ. പ്രതിഷേധിക്കുന്നു

### കോടതിവിധി മാനിക്കാതെ സ്ക്രീനിംഗ് കമ്മിറ്റി രൂപീകരണം

പ്രൈവറ്റ് കോളേജ് അദ്ധ്യാപകരുടെ പ്ലേസ്മെന്റും പ്രൊമോഷനും ആയി ബന്ധപ്പെട്ട സ്ക്രീനിംഗ്കമ്മിറ്റി രൂപീകരണം സംബന്ധിച്ച് ഈയിടെ ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ് ലംഘിച്ച് ചില സ്വകാര്യ കോളേജ് മാനേജ്മെന്റുകൾ സ്വന്തമായി സ്ക്രീനിംഗ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം തുടങ്ങിയതായറിയുന്നു. ഹൈക്കോടതിവിധി ദുർവ്യാഖ്യാനം ചെയ്തും നിലവിലുള്ള യൂണിവേഴ്സിറ്റി നിയമങ്ങൾ ലംഘിച്ചും സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിച്ചതിൽ എ.കെ.പി.സി.ടി.എ ശക്തിയായി പ്രതിഷേധിക്കുന്നു. നിയമപരമല്ലാത്ത ഈ നടപടിയിൽ നിന്നും സ്വകാര്യ കോളേജ് മാനേജ്മെന്റുകൾ പിന്തിരിയണമെന്ന് എ.കെ.പി.സി.ടി.എ ആവശ്യപ്പെടുന്നു.

# ആമ്പൽക്കുളങ്ങൾ

വി. അജയകുമാർ, ടി.കെ.എം. കോളേജ് ഓഫ് ഇഞ്ചിനീയറിംഗ്, കൊല്ലം

"കല്ലാറ്റിൽ വീണ്ടും മരണമെന്ന്"

"കുളിക്കാനിറങ്ങിയവർ തന്നെയാണോ മോനേ?"

"അതെ അച്ഛാ, അടിക്കടി മരണം നടക്കാറുണ്ടെങ്കിലും അവിടെ കുളിക്കാൻ പോകുന്നവർക്ക് കുറവില്ല."

"മരിച്ചവർ വീണ്ടും അവിടെ കുളിക്കുന്നില്ലല്ലോ."

"ശിരസ്സറ്റം മുങ്ങി നിന്നു കുളിക്കുന്നത് നല്ലതാണെന്നല്ലേ അച്ഛൻ മുമ്പൊരിക്കൽ പറഞ്ഞത്?"

"അതിന് ആറ്റിൽ തന്നെ കുളിക്കണമെന്നില്ലല്ലോ, ആമ്പൽകുളമായാലും പോരെ?"

"ഒഴുക്കില്ലാത്ത വെള്ളത്തിൽ മാലിന്യങ്ങൾ കാണില്ലേ?"

"ഒഴുക്കുണ്ടെങ്കിലും അഴുക്ക് ആയിക്കൂടെ?"

"കുത്തൊഴുക്കിന്റെ ശക്തി, സ്വയം ശുദ്ധീകരണത്തിന്റേതല്ലേ?"

"കല്ലാറിൽ കാലനായതും അതല്ലേ?"

"അച്ഛൻ സ്വാതന്ത്ര്യസമര സേനാനിയായിരുന്നല്ലെ.
മഹാത്മാരൊക്കെ ഗംഗയാറിലും മറ്റും കുളിക്കുന്നവരായിരുന്നോ?"

"നെഹ്രുവിനെപ്പോലെ ആറുകളും കുളങ്ങളും ഒരേപോലെ ഇഷ്ടമുള്ളവരും ഉണ്ടായിരുന്നു"

"തടാകങ്ങൾ അശുദ്ധമായാൽ എന്തുചെയ്യും?"

"അതു ശുചിയായി സൂക്ഷിക്കേണ്ടത് ഉപയോഗിക്കുന്നവരുടെ തന്നെ കടമയാണ്."

"സ്വിമ്മിംഗ് പൂളുകളിൽ ചെയ്യുന്നതു പോലെ ഇടയ്ക്കിടെ ശുദ്ധജലം നിറച്ചാലും പോരെ?"

"തൊട്ടടുത്ത നിമിഷം ഒരാൾ ചെയ്യുന്നത് ശൗചക്രിയയാണെങ്കിലോ?"

"ഒഴുക്കുള്ള ജലം ഒരു കനാൽ വഴി തടാകത്തിലെത്തിച്ച് അത് വൃത്തിയാക്കുന്ന ഒരു സ്ഥിരം സംവിധാനം ആയാലോ?"

"പരീക്ഷിക്കപ്പെട്ട ഒരാശയമാണ് ഇത്. തടാകം ക്രമേണ കനാലിന്റെ ഭാഗമായി മാറുമെന്നാണ് അനുഭവം."


"ചൈനയിലെ തടാകങ്ങളെല്ലാം ഈ രീതിയിൽ വൃത്തിയാക്കപ്പെടുന്നുവെന്ന് എവിടെയോ വായിച്ചല്ലോ."

"എല്ലാ തടാകങ്ങളും അവിടെ വൃത്തിയാക്കപ്പെടേണ്ടതല്ല. വൃത്തിഹീനമായവയിൽ കനാലിലെ വെള്ളം നിയന്ത്രിക്കുന്നത് തടാകത്തിലുള്ളവർ തന്നെയാണ്. തടാകത്തിന്റെ പ്രത്യേകതകൾ നഷ്ടപെട്ടുപോകുന്നില്ല"

"നമുക്ക് നമ്മുടെ കുളങ്ങളും വൃത്തിയാക്കാം. ശുചിത്വം നിലനിറുത്താൻ എല്ലാവരും കൂടി പരിശ്രമിച്ചാൽ കല്ലാറിലേതുപോലുള്ള ദുരന്തങ്ങൾ ഒഴിവാക്കാം."

## മഹാത്മാഗാന്ധി സർവകലാശാലയിൽ വിവിധ വിഷയങ്ങൾക്ക് 'കോർകമ്മറ്റി'

അധ്യാപകസംഘടനാ പ്രതിനിധികളുമായി മഹാത്മാഗാന്ധി സർവകലാശാല നടത്തിയ ചർച്ചയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾക്ക് അനുസരണമായി വിവിധ വിഷയങ്ങൾക്ക് 'കോർകമ്മറ്റി' രൂപീകരിച്ചു. ദിവസങ്ങളോളം നീണ്ടുനില്ക്കുന്ന ശില്പശാലയിൽ നവീന വിഷയങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകൾ തയ്യാറാക്കുന്നതാണ്. ഡിസംബർ 31നകം സർവകലാശാലയ്ക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് തീരുമാനം. അടുത്ത അക്കാദമികവർഷത്തേക്ക് കോളേജുകളിൽ ഈ കോഴ്സുകൾ നടത്താനുള്ള അനുമതിനല്കാനും സർവകലാശാല നിശ്ചയിച്ചിട്ടുണ്ട്.



AICTE/UGC സ്കെയിൽ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആയുർവേദകോളേജ് അധ്യാപകർ നടത്തുന്ന സമരത്തോട് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് എകെപിസിടിഎ തിരുവനന്തപുരം ജില്ലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 11.11.97 ന് നടന്ന സായാഹ്ന ധർണ സംസ്ഥാന പ്രസിഡന്റ് പ്രൊഫ. എസ് വിശ്വനാഥൻ ഉത്ഘാടനം ചെയ്യുന്നു.


**The Kumaramputhur Service Co-operative Bank Ltd.,**

**No. P. 373**

**P.O. Mannarkkad College, Palakad Dist - 678 583.**

**(Br. Payyanedam)**

Class I Special Grade Service Co-op. Bank

| | | | |
|---|---|---|---|
| Paidup Share Capital | - | 36 | Lakhs |
| Deposits | - | 600 | " |
| Loans to Members | - | 740 | " |
| Working Capital | - | 780 | " |
| Profit as per Audit 93-94 | - | 9.37 | Lakhs |
| Audit Classification | | | |

**N. Kuttisankaran**
(Secretary)

**P. Sayed**
(President)

# നിവേദനങ്ങൾ

To

The Chairman

The Pay Revision Committee, Govt. of Kerala

Sir,

Sub: Pay Revision - delinking from the State Pay structure - the case of college teachers drawing state Pay scales - request - regarding.

This is to draw your attention to a serious anomaly that exists in the present state pay structure. There is a small section of College Teachers, who are included in the State Pay Structure and who stand delinked from the UGC Scheme of scale of pay that all other college and University teachers are entitled to enjoy. These teachers do engate all the classes in the colleges and take part in all the carricular and co-carricular activities along with the other UGC-scale-drawing teachers. A beginner in the UGC scale gets Rs. 2200-4000 where as these teachers are given only the scale Rs. 2060-3200.

These teachers don't deserve this kind of discrimination and hence we request that they may be delinked from the State Pay Structure, so as to ensure UGC scales of pay to this small number of teachers also.

In addition to the demand raised above which would benefit only a small number of teachers who enjoy state scale at the moment, there are certain other issues which would benefit the entire teaching community. The following are some of them.

1. HRA & CCA at Central/State rates
2. Vehicle loan
3. House building loan as per Central/State Govt. rules
4. Extention to Central Govt. Employees medical Insurance Scheme to all Private College Teachers.
5. Book allowance @ Rs. 1000 per year.
6. Allowances for jounals/periodicals @ Rs. 100 a month.
7. Computer allowance.
8. Leave Travel Concession as available to Central Govt. Employees
9. Group Insurance Scheme as available to Central Govt. Employees
10. Travelling allowance/advance as per Central/State Govt. rules
11. Maternity Leave on full pay to woman teachers for a period not exceeding 135 days.
12. Paternity Leave of 15 days to Male teachers during the confinement of their wives.

We request you to consider the above-mentioned items seriously and make favourable recommendations to the Government.

Yours faithfully
K.P. Divakaran Nair
General Secretary

Trivandrum
7.11.1997

---

The Chairman, The Pay Revision Committee, Govt. of Kerala

Sir,

Sub: Pay Revision - delinking from the State Pay structure - the case of Ayurveda College Teachers drawing state pay scales - request regarding -

We would like to submit, the following for your consideration and favourable recommendation.

Scales of pay of teachers in Arts and Science Colleges in the State have been revised by the Government of Kerala at the rates prescribed by University Grants Commission, and that of teacher in Engineering

Colleges and Medical Colleges revised as per rates prescribed by All India Council for Technical Education (AICTE). But the Government have not revised the scales of pay of teachers in Ayurveda Colleges. The pay equalisation commission also have not done justice to teachers of Ayurveda Colleges.

Prior to implementation of UGC scales, teachers of Ayurveda Colleges were having higher scales of pay than teachers of Arts and Science Colleges, as per recommendation of the Fifth Kerala Pay Commission implemented vide G.O. (P) 480/89/Fin. dated 1.11.1989. The following statement shows the scales of pay of teachers in Medical Colleges and Ayurveda Colleges as per this pay revision orders.

| | Designation | Scale of pay in Medical Colleges | Scale of pay in Ayurveda Colleges |
|---|---|---|---|
| 1. | Principal | 3,050 - 4,435 | 2,640 - 3,815 |
| 2. | Professor | 2,640 - 3,815 | 2,470 - 3,625 |
| 3. | Associate professor | 1,830 - 3,425 | Lecturer - 1,650 - 3,175 |
| 4. | Tutor | 1,450 - 2,825 | 1,450 - 2,825 |

It may please be noted from this statement that scales of pay of Tutors which is the entry cadre in Medical Colleges and Ayurveda Colleges were the same and in the case of other categories, the next lower scales to teachers of Medical Colleges were given to teachers of Ayurveda Colleges.

Equal consideration of all systems of Medicine is the accepted policy of State and Central Governments and many State Governments have equalised the scales of pay of Allopathic and Ayurvedic doctors as early as 1979.

The Government of India, Ministry of Health and Family Welfare vide their letter No.R-12011/1/79 ISM dated 19.9.1980 (copy at annexure I) have directed all State Governments to equalise the scale of pay and service conditions of Ayurvedic doctors at par with their allopathic counterparts. The Central Council of Indian Medicine vide their letter No. 3-15/Ayr (1) dated 17.7.1993 (copy at annexure II) and letter No. 20-1/89 (iii) pp dated 1.11.1989 (copy at annexure III) have requested the State Government to implement parity in scales of pay of teaching staff of Ayurveda Colleges and Medical Colleges. Almost all states including Andhra Pradesh, Tamil Nadu, Maharashtra, Uttar Pradesh, Rajasthan, Madhya Pradesh and Bihar have already implemented parity in scales of pay of teachers and doctors in Ayurveda to that of Allopathy.

The Estimate Committee of the 7th Kerala Assembly have also recommended to the Government of Kerala to implement equality in scales of pay of teachers in Ayurveda Colleges to that of Medical Colleges vide para 43 of the 18th report, 1984 - 86. But the Government of Kerala have not so far implemented this recommendation.

A comparative statement showing the present scale of pay of teachers in Medical Colleges and Ayurveda Colleges is given below for kind perusal (as revised vide G.O. 600/93/Fin. dated 25.9.1993).

| **Medical Colleges** | | **Ayurveda Colleges** | |
|---|---|---|---|
| **Designation** | **Scale of pay** | **Designation** | **Scale of pay** |
| Professor | 4,500 - 7,300 | Professor | 3,000 - 5,000 |
| Associate Professor | 3,300 - 5,200 | Reader | 2,500 - 4,000 |
| Assistant Professor | 3,000 - 5,000 | Lecturer | 2,375 - 3,500 |
| Tutor | 2,200 - 4,000 | Tutor | 2,060 - 3,200 |

It may kindly be noted from the above that the parity which existed in the scales of Tutors have been taken away and there exists vast difference in scales of pay of other categories.

All Ayurveda Colleges in India are conducting the same B.A.M.S. degree Course prescribed by the Central Council of Indian Medicine. In Kerala Admission to MBBS and BAMS are made through a common Medical Entrance Test with equal minimum basic qualification. Duration of the course of study and intership and monthly stipend given to the interness of both these degree courses (MBBS and BAMS) are equal.

The Government of Kerala, while revising the scale of pay of teachers of Medical Colleges at par with the AICTE scales, should have revised the scale of pay of teachers of Ayurveda Colleges, also. But this was not done; and has not been done so far inspite of repeated requests from teachers of Ayurveda Colleges. Lectures in Sanskrit and Physical Education working in Government Ayurveda Colleges are receiving higher pay than that of a Professor in Ayurveda subjects consequent to implementation of UGC scales of pay to them. In Private Ayurvedic Colleges Teachers of Sanskrit and Physical Education are not getting UGC scales of pay.

It may be noted that both Private Ayurvedic Colleges functioning in Ollur and Kottakkal have already implemented departmentalisations in accordance with the CCIM regulations as part of the quality improvement of medical education.

Teachers of Ayurveda Colleges at present are therefore in a very pitiful condition. We feel that it is our legitimate right to have equal scales of pay with our counterparts in Medical Colleges.

We would also request you to grant UGC scales to those teachers of Sanskrit Department and Physical Education Department in Private Ayurveda Colleges who number only 3 and 1 respectively.

We request you to consider the above-mentioned issues seriously and make favourable recommendations to the Government.

Yours faithfully
K.P. Divakaran Nair
General Secretary

Trivandrum
7.11.1997

## പേ റിവിഷൻ കമ്മിറ്റിക്ക് എ.കെ.പി.സി.ടി.എ തെളിവുനൽകി

കേരള ഗവണ്മെന്റ് നിയമിച്ച പേ റിവിഷൻ കമ്മിറ്റിക്ക് എ.കെ.പി.സി.ടി.എ നൽകിയ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സംഘടനാപ്രതിനിധികളെ നവംബർ 7-ന് ചർച്ചക്ക് ക്ഷണിക്കുകയുണ്ടായി. 8 വർഷത്തിൽ കുറവ് സർവ്വീസുള്ള സ്റ്റേറ്റ് സ്കെയിൽ ശമ്പളം വാങ്ങുന്ന അദ്ധ്യാപകർക്ക് യു.ജി.സി ശമ്പളനിരക്ക് ശുപാർശ ചെയ്യണമെന്ന് കമ്മീഷനോട് ആവശ്യപ്പെട്ടു. കേരളത്തിലെ ആയുർവേദ കോളേജ് അദ്ധ്യാപകർക്ക് യു.ജി.സി/എ.ഐ.സി.ടി.ഇ ശമ്പള നിരക്കും പ്രൈവറ്റ് ആയുർവേദ കോളേജുകളിലെ സംസ്കൃത അധ്യാപകർക്കും ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകർക്കും യു.ജി.സി ശമ്പള സ്കെയിൽ നല്കുന്നതിന് ശുപാർശ ചെയ്യണമെന്ന് ആവശ്യപ്പെട്ടു. കോളേജ് അദ്ധ്യാപകർക്ക് കേന്ദ്ര നിരക്കിൽ എച്ച്.ആർ.എ, സി.സി.എ എന്നിവയും, വെഹിക്കിൾ ലോൺ, ഹൗസ് ബിൽഡിംഗ് ലോൺ, എൽ.റ്റി.സി, ബുക്ക് അലവൻസ് തുടങ്ങിയവയും ശുപാർശ ചെയ്യണമെന്ന് ചർച്ചയിൽ ഉന്നയിക്കുകയുണ്ടായി. പ്രൈവറ്റ് കോളേജ് അദ്ധ്യാപകരുടെ ശമ്പളം, പി.എഫ് വായ്പ അനുവദിക്കൽ, പി.എഫ് ക്ലോഷർ അനുവദിക്കൽ, പെൻഷൻ ഉത്തരവ് നൽകൽ തുടങ്ങിയ കാര്യങ്ങളിലുള്ള കാലതാമസവും അഴിമതിയും കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തി.

സംഘടനയെ പ്രതിനിധീകരിച്ച്, പ്രൊഫ. എസ്. വിശ്വനാഥൻ (പ്രസിഡന്റ്), കെ.പി. ദിവാകരൻനായർ (ജന. സെക്രട്ടറി), ശ്രീ. ആർ. മോഹൻകുമാർ (സെക്രട്ടറി) എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

## ജേർണലിലേക്കുള്ള മാറ്റർ, വരിസംഖ്യ

ജേർണലിൽ പ്രസിദ്ധീകരിക്കാനുള്ള വാർത്തകൾ, ലേഖനങ്ങൾ, കുറിപ്പുകൾ, കവിതകൾ, പി.എച്ച്.ഡി. തിസീസിന്റെ അബ്സ്ട്രാക്റ്റ്, കത്തുകൾ, ചോദ്യങ്ങൾ, പരസ്യങ്ങൾ തുടങ്ങിയ മാറ്ററുകൾ ചീഫ് എഡിറ്റർക്ക് അയയ്ക്കുക. ജേർണൽ വരിക്കാരുടെ വിലാസം, വരിസംഖ്യ തുടങ്ങിയവ മാനേജിംഗ് എഡിറ്റർക്ക് അയയ്ക്കുക.

ചീഫ് എഡിറ്റർ
എ. പ്രതാപചന്ദ്രൻനായർ
'കുരവട്ടം', പരുത്തിപ്പള്ളി പി.ഒ.
തിരുവനന്തപുരം - 695 574

മാനേജിംഗ് എഡിറ്റർ
റ്റി.എൻ. മനോഹരൻ
'വടയക്കാട്', കുന്നുകുഴി പി.ഒ.
തിരുവനന്തപുരം - 695 037, Phone : 442634

*എ.കെ.പി.സി.ടി.എ സംസ്ഥാനകമ്മിറ്റി ഓഫീസിന്റെ വിലാസം*

എ.കെ.പി.സി.ടി.എ സംസ്ഥാനകമ്മിറ്റി ഓഫീസ്
വഞ്ചിയൂർ, തിരുവനന്തപുരം, പിൻ - 695 035 ഫോൺ : 463494

# സർക്കാർ ഉത്തരവുകൾ

From

The Director of Collegiate Education

To

The Principal

..............................................................

Sir,

Sub: Estt. - Coll. Edn. - Private Colleges - Permission to fillup Teaching and Non-Teaching Posts - reg-

Ref: Govt. Notification No. 935 of Leg. Uni. 3/97/Law dated 3.6.97.

I request you to forward to the undersigned necessary proposals in duplicate to fill-up the regular vacancies of Teaching and Non-teaching posts in your College within a week positively. The proposals from Management addressed to the Empowered Committee on Pre-Degree de-linking should contain the following details.

1. Whether Unitary Management or Corporate Management.
2. Whether Pre-Degree courses are being conducted in the concerned subjects in the same institution or any other institution under the same Management.
3. Copy of Govt. order sanctioning the new course/courses.
4. Copy of order of affiliation from the University.
5. Statement of students strength in the concerned subject (yearwise).
6. University guidelines regarding the distribution of instructional hours in the concerned subject/subjects (Theory and practical).
7. Statement of workload and teaching posts already sanctioned.
8. Date of commencement of the course.
9. No. of teacher posts required (subjectwise).
10. No. of Non-teaching posts required (categorywise).
11. Whether the Non-teaching posts proposed are admissible as per the approved staff pattern.

Sd/-
C.K. Viswanathan IAS
Director of Collegiate Education

---

Copy of Government Order No. GO (MS) Fin. 146/97/H.Edn. Dated 17.10.1997 from the Principal secretary to Government, Higher Education (D) Department, Government of Kerala, Thiruvananthapuram.

Private Colleges - Appointment of Guest Lecturers by Managements - Guidelines approved-Orders Issued -

Read:- 1. Letter No. UGC Cell. I (i) 22224/97/Coll. Edn. dated 28.8.97.

2. D.O. No. Estt. D3. 47274/97/Coll. Edn. dated 5.9.1997 of the Director of Collegiate Education, Thiruvananthapuram.

**ORDER**

In the circumstances reported by the Director of Collegiate Education, Thiruvananthapuram in his letters read above Government are pleased to permit aided Private College Managements to appoint Guest Lectures in the aided private Colleges in the State. The following guidelines will be followed while appointing Guest Lectures:

(i) Guest Lecturers will be appointed by the Manager against substantive vacancies only.

(ii) These Lecturers should be fully qualified for appointment as Lecturer as per the existing norms fixed by the University and Government.

(iii) The Regional Deputy Directors will verify the workload and satisfy the requirement before the remuneration is admitted.

(iv) The Guest Lecturers will be paid remuneration on an hourly basis at the rate of Rs. 60/- per hour subject to maximum of Rs. 3,000/- p.m.

(v) The expenditure for payment of remuneration will be met from the head of account from which the salary of teachers of the said Colleges are met.

(vi) They will be terminated as and when the workload does not justify their retention or at any rate at the closing of the College at the end of the acadamic year.

(vii) These Guest Lectures shall have no future claim for appointment as their appointment is purely provisional and without observing usual selection procedure.

(viii) The Regional Deputy Directors of Collegiate Education will admit the claim for payment of remuneration of Guest Lecturers appointed by the Manager.

(ix) It is also made clear that the appointment of Guest Lecturers do not require the approval of the Universities as it is purely provisional and done as an emergency measure.

By Order of the Governor
Sd/-
N. Chandrasekharan Nair
Principal Secretary to Government

Endt. on Estt, D3.47274/97/Coll. Edn. dated 23.10.1997 Copy Communicated to the Managers and Principals of all Private Colleges for information and necessary action.

Sd/-
Joseph Abraham
Addl. Director of Collegiate Education

---

## GOVERNMENT OF KERALA

### Abstract

Private Colleges - Regularization of the period of absence of College teachers - Orders issued.

HIGHER EDUCATION (D) DEPARTMENT

G.O. (Rt) No. 1218/97/H. Edn.

Dated, Thiruvananthapuram, 8.10.1997

Read: 1. Government Circular No. 70949/SS1/88/GAD dated 3.8.1988.

2. Representation dated 31.1.1996 from the General Secretary, The All Kerala Private College Teachers' Association.

3. Letter No. Estt. D1/18311/96/Coll. Edn. dated 21.8.1997 of the Director of Collegiate Education, Thiruvananthapuram.

### ORDER

In the circumstances stated by the Director of Collegiate Education, Thiruvananthapuram in his letter read as third paper above, Government are pleased to regularise the period of absence of College teachers on 28.7.1993, 24.7.1995, 26.10.1995 and 8.11.1995 by sanctioning Eligible Leave other than Casual Leave.

By Order of the Governor
S. Ramakurup
Deputy Secretary to Government

## GOVERNMENT OF KERALA

Proceedings of the Empowerd Committee on Pre-degree delinking

Sub: Higher Education - Pre-Degree delinking - Ban on appointment of staff - Relaxation - further instructions issued.

Ref: 1. Govt. Circular No. 11899/B1/97/H. Edn. dt 24.4.97.

2. Notification No. 9350/Leg. Uni. 3/97/Law dt. 3.6.97.

3. Proceedings No. 11899/B1/97/H. Edn. dt. 3.7.97.

**Order No. 23282/B1/97/H. Edn. dated 6.10.97**

The Empowered Committee met at 11 a.m. on 2.9.1997 in the chamber of the Principal Secretary to Government, Higer Education Department and the Chairman of the Committee. The following members were present.

1. Sri. N. Chandrasekharan Nair, Principal Secretary, Higher Education Dept.
2. Dr. N. Babu, Vice-Chancellor, Kerala University.
3. Sri. K. Jayakumar, Secretary to Government, General Education Dept.
4. Smt. Lida Jacob, Director of Public Instructions.
5. Sri. C.K. Viswanathan, Director of Collegiate Education.

**The Committee after deliberation took the following decisions.**

Approved the change made in the number of Pre-Degree batches de-linked from Government Arts College, Thiruvananthapuram during the current academic year.

Proposals for consideration of the committee relating to appointment and related matters of Private College teachers should be routed through the Director of Collegiate Education. The Director of Collegiate Education will process such proposals and place them before the Committee for consideration. Proposals received from the Principals and Managers of Private Colleges alone will be considered by the Committee. The Director of Collegiate Education may form a cell in his office to process such cases.

Guest lecturers may be appointed in Private Colleges also as per the guidelines to be issued by the Government provided there is vacancy for making such appointment and the workload justifies such appointment.

Though there is no ban on appointment under the dying in harness scheme, candidates who have sought employment in the Collegiate Education Department will not be appointed in the Collegiate Education Department bacause of the ban and they will be recommended for appointment in some other department. So also there is no objection in appointment under compassionate employment scheme in Private Colleges also if the individual is eligible as per rules.

The Director of Collegiate Education will issue circular instructions to all Private College Principals and Managers asking them to submit all applications addressed to the Empowered Committee to the Director of Collegiate Education and the requests received from Managers and Principals alone will be entertained by the Committee and the request from individuals will not be entertained.

After considering the report No. Estt A1-24543/97/Coll. Edn dated 2.8.97 of the Director of Collegiate Education it was decided that vacancies of teachers in the following five subjects which are taught at Degree and Post Graduate level in Government Colleges can be filled up on regular basis after ensuring that there is no scope for re-deployment.

a) Geology b) Statistics c) Geography

d) Psychology e) Sociology

The Committee will meet at least once in every month.

K. Jayakumar

Secretary to Govt., General Education Dept.,

Member Secretary, Empowered Committee

UNIVERSITY OF KERALA

No. Ac. F.V. 1. Genl/96

Thiruvananthapuram
Dated: 7.11.1997

From
The Registrar
To
The Manger/Principal
.........................

Sub: Placement of teachers into Senior Grade/Selection Grade/Readers - initiation of action - regarding.

Ref: 1. Judgement in O.P. 8881/96, 9942/96, 14636/96 and 4884/97.

2. Minutes of the meeting of Standing Committee on Teaching and non-teaching staff of private colleges held on 17.10.1997.

Sir,

In view of the observations and findings made by the Hon. High Court while disposing of the original petitions shown under reference, and after due considerations of the above judgment, the University has resolved to request you to place/promote those teachers who satisfy the conditions mentioned below-as lecturers Senior Grade/Lecturer Selection Grade and readers.

**I. Lecturer Senior Grade**

1) Completed eight years of service (one year or three years relaxation in the case of teachers who hold M.Phil or Ph.D respectively).
2) Attended two refresher courses/orientation courses.
3) Self appraisal report.

**II. Lecturer Selection Grade**

1) Completed sixteen years of service (One year or three years relaxation in the case of teachers who holds M.Phil or Ph.D as the case may be).
2) Completed two refresher courses/orientation courses.
3) Self appraisal report.

Note : The bebefit of relaxation of one or three years in the case of those teachers holding M.Phil/Ph.D will be given either for Senior Grade or for selection grade.

**III. Reader**

1) Completed 16 years of service.
2) Obtained a Ph.D or an equivalent published work.
3) Made some mark in the areas of scholarship and research as evidenced by self assessment; reports of the referees, quality of publications, contribution to educational renovation design of new courses and curricula.
4) Participated in two refresher courses/Orintation courses/summer institute of approved duration or engaged in other appropriate continuing education programmes of comparable quality as may be specified by the UGC after placement in the senior scale.
5) Consistantly good performance appraisal reports.

Principals of the colleges are requested to forward the following documents to the University for approval of the placement/promotion of teachers.

1) Attested copy of PG Degree Certificate.
2) Placement/promotion order.
3) Ph.D/M.Phil Degree Certificate (original)

3) Certificate of refresher courses/orientation/if any (original)
4) Published work if any.
5) Self appraisal report (2 copies)
6) Service Book.
7) Proposal for fixation of pay.
8) The documents except the originals should be properly attested by the Principal.

The Managements are further requested to place/promote teachers who do not satisfy the condition relating to refresher courses/orientation courses.

Yours faithfully
Deputy Registrar (Acad.)
for Registrar.

## പ്രൊഫ. കെ.പി. ദിവാകരൻനായർ ഐഫക്ടോ ദേശീയ സെക്രട്ടറി

1997 ഒക്ടോബർ 26, 27, 28 തീയതികളിൽ ബിഹാറിലെ എ.പി. സിംഗ് കോളേജിൽ ചേർന്ന ഐഫക്ടോയുടെ പത്തൊൻപതാമത് സ്റ്റാറ്റ്യൂട്ടറി കോൺഫറൻസിൽ എ.കെ.പി.സി.ടി.എ ജനറൽസെക്രട്ടറി പ്രൊഫ. കെ.പി. ദിവാകരൻനായർ ഐഫക്ടോ ദേശീയ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു.


# GURU PUBLISHING HOUSE

'Sree Sailam', P.O. Mankave, Calicut - 673 007
☎ : 304104, 703264

## OUR PUBLICATIONS

**FOR B.A. ECONOMICS**

1. സാമ്പത്തിക ചിന്തയുടെ വികാസം
2. A Guide to Development of Economic Thought
3. A Guide to Basic Tools for Economic Analysis

**FOR PRE DEGREE**

1. ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ പരിണാമവും പ്രാഥമിക സ്ഥിതിവിവര ശാസ്ത്രവും
2. ദേശീയ വരുമാന ഗണനവും പ്രാഥമിക ധനശാസ്ത്ര സിദ്ധാന്തവും

**(Books prepared by a group of experienced professors)**

*With the best compliments from*

# GUIDELINES

**38/238 Karshaka Road**
**Behind South Railway Station**
**Ernakulam, Cochin - 16**

**Phone : 321748, Fax : 0484-362459**

***Dealers for:***

**Ashok Leyland, Kirloskar,**
**New Atul Shakti**
**Cummins and KEL Generators**

Edited, Printed and Published by Prof. S. Viswanathan, AKPCTA State Committee Office, Vanchiyoor, Thiruvananthapuram - 35; Phone : 463494 at SB Press, College Lane, Thiruvananthapuram - 1; Phone : 471904, 478013; Fax : 471904; Chief Editor : A. Prathapachandran Nair.